
T61
M29



★

# AN ANTHOLOGY

OF

# SPIRITUAL VERSES

D. Seetan

★

*Compiled by*

*Fr. Malachias C. M. I.*

*Rector, Christ College*

*P. O. Irinjalakuda.*

DHARMARAM COLLEGE LIBRARY, BANGALORE. 134642

For Private Circulation only.

1962

PRICE: Re. 1-50 nP.

T61
M29

**Copy rights strictly reserved.**

★

PRINTED AT THE MALABAR PRINTING WORKS, CHALAKUDI.

# വിഷയ വിവരം:


| | | പേജ് |
|---|---|---|
| 1. | മരിയാംബിക. | 1 |
| 2. | മിന്നൽപ്പിണർ. | 2- 5 |
| 3. | ഇടയച്ചെറുക്കൻ. | 6_ 7 |
| 4. | പൊൻവിളക്ക്. | 8_ 9 |
| 5. | പാപിയുടെ പശ്ചാത്താപം. | 10 |
| 6. | ക്രൂശിതനോട്. | 11 |
| 7. | വഴിപോക്കന്റെ വിലാപം | 12_13 |
| 8. | ഇരുളിലെ ഈരടി. | 13_15 |
| 9. | വത്സലലില്ലി. | 15_17 |
| 10. | കർമ്മലസഭാപ്രവേശം. | 18_19 |
| 11. | പടക്കോപ്പുകൾ. | 20_24 |
| 12. | ഈശോയുടെ കിളിക്കൂട്. | 25_28 |
| 13. | സക്രാരിയിൽ. | 29_30 |
| 14. | Canticle of mystic union | 31-32 |
| 15. | വി: തോമ്മാശ്ലീഹായോട് | 32 |
| 16. | ആരാധന. | 33 |
| 17. | പ്രേമാർച്ചനയിലൂടെ | 34_35 |
| 18. | പടഹധ്വനി. | 35_36 |
| 19. | ത്രീത്വസ്തുതി. | 37 |
| 20. | അനുതാപകീർത്തനം | 37_38 |
| 21. | ഉണ്ണിക്കർത്താവ്. | 39 |
| 22. | ശ്രീയേശുരാജകീർത്തനം | 40 |
| 23. | കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. | 41_42 |
| 24. | വീരാസ്തമയം. | 43_45 |
| 25. | കെടാവിളക്ക്. | 45_47 |
| 26. | എന്റെ അഭയകേന്ദ്രം. | 48 |
| 27. | ഉദയതാരക. | 49_50 |

| | | |
|---|---|---|
| 28. | മേരീസ്തവം. | 50 |
| 29. | അൾത്താരയിലെ പുഷ്പം. | 51-53 |
| 30. | സ്വർഗ്ഗം. | 53_56 |
| 31. | സ്വർല്ലോകതാരം. | 57_58 |
| 32. | ക്രൂശിതൻ. | 58 |
| 33. | ഈശോ. | 59_60 |
| 34. | The mercies......for ever | 60_61 |
| 35. | ക്രിസ്തുമസ്സ് താലോലം. | 62 |
| 36. | ക്രിസ്തുരാജകീർത്തനം. | 63 |
| 37. | ലൂർദ്ദ്മാതാവ്. | 64_65 |
| 38. | നിത്യപിതാവിനോട്. | 65 |
| 39. | ആവിലായിലെ വി: ത്രേസ്യാ. | 66_67 |
| 40 | എന്റെ നാഥൻ. | 68 |
| 41. | വി: ബെർണ്ണാഡിന്റെ ഒരു ഗീതം | 68_69 |
| 42 | വി. പാട്രിക്ക്. | 70 |
| 43. | വി: അഗസ്റ്റിൻ. | 70_71 |
| 44. | ഈശോമാത്രം: | 71_72 |
| 45. | Magnificat. | 73-74 |
| 46. | സി: അൽഫോൺസാ. | 74 |
| 47. | പിതാവിന്റെ തിരുമനസ്സ്. | 75 |
| 48. | ഉണ്ണിയീശോ ഉറങ്ങിക്കൊൾക. | 75_76 |
| 49. | പുഷ്പപൂജ. | 77_78 |
| 50. | തിരുമുഖം. | 79_80 |
| 51. | ഓർക്കുക. | 81_89 |
| 52. | ഹംസഗാനം. | 90 |
| 53. | Dark Night of the soul. | 91-93 |
| 54. | താമരപ്പൂവ്. | 94-96 |
| 55. | വണ്ട്. | 97-98 |

# ★ മരിയാംബിക. ★

(കേക)

പട്ടൊളിമടിത്തട്ടിലമരും തങ്കത്തിങ്കൾ–
കുട്ടനെത്താലോലിയ്ക്കു മംബികേ, നമസ്കാരം.
ലോകറാണിയാം നിൻെറ മുഗ്ധമാം കടാക്ഷംതാൻ
നാകത്തിൻ കവാടത്തെത്തുറക്കും മണിത്താക്കോൽ!
ബന്ധുരപ്പൊൻ താരോടുപൊരുതും വിമോഹനം
നിൻതുടുമുഖംകണ്ടു ഞാനുണർന്നാവൂതായേ!
പൂമരംപൊഴിക്കുന്നു പൈങ്കിളിപ്പാട്ടാൽ നിൻെറ
കോമളഗീതം മൊട്ടാൽക്കോൾമയിർക്കൊള്ളുന്നേരം!
അഭ്രമാലതൻ മന്ദ്രനാദത്താൽ നീയന്നീശ–
ഗർഭയെന്നറിയിച്ചു ശാന്തമാ ശാന്തംമിന്നി!
കാട്ടിലെക്കുന്നിൽത്തങ്ങിക്കളിച്ചു കൂത്താടുന്നോ–
രാട്ടിടയന്മാർ പോലുമമ്മയെക്കുപ്പീമുന്നം
ഉള്ളലിയിച്ചാക്കുന്നിൻ കുക്ഷിയിൽനിന്നും കേൾക്കാ–
"യിള്ളുള്ളോ" യെന്ന നാദം പ്രണവപ്രതിനാദം.
അംബരച്ചെരുവിങ്കലാ നീലഗുഹയ്ക്കുള്ളി–
ലെമ്പാടും ചിന്നും പുല്ലുതൊട്ടിയിൽ വീതാശങ്കം
അമ്മതൻ മണിത്തിങ്കൾക്കുഞ്ഞതാ കിടക്കുന്നു
ചിന്മയനുലകത്തെക്കനിഞ്ഞു കടാക്ഷിച്ചു!
രാപ്പകൽ കാണിക്കുന്നുണ്ടന്തിയും പുലരിയു–
മപ്പരാത്മാവിൻ ലീലാ ലാവണ്യ വിലാസങ്ങൾ!
അമ്മതൻ മടിത്തട്ടിലഴകിൻ കിഴിവെയ്ക്കു–
മമ്മതിക്കുഞ്ഞിന്നാത്മാവർപ്പണം ചെയ്യാവൂ! നാം.

ഫാ: S. തേർമാം M. O. L.

# മിന്നൽപ്പിണർ.

(നീലക്കാർമുകിൽ....)

I

മഞ്ജുളാംഗി പുലരികരഞ്ഞു
മഞ്ഞുതുള്ളിയാംകണ്ണീർ പൊഴിഞ്ഞു.
മേക്കമാമരച്ചില്ല മറഞ്ഞു—
നില്ക്കുമക്കളിർത്തിങ്കളും മാഞ്ഞു.
പെട്ടന്നൊന്ദ്രിതൻ പച്ചപ്പുറമ്പും
പട്ടടക്കാട്ടുപോലവെ കാണായ്!
ചന്തമാളും മിഴികൾതുറന്നു,
പൊൻതാരങ്ങൾ പകച്ചുവിറച്ചു!
ചെമ്പനീർപ്പൂവും ചുണ്ടുപിളന്നു
അമ്പരന്നുപോയംബരം പോലും!

II

നാട്ടുവാഴിതൻ മുമ്പിൽ നിർവ്വാണം
നേടുവാൻപോലെ നില്ക്കുന്നുക്രിസ്തു,
കൊമ്പൻതന്നുടെ മുമ്പാകെതെല്ലും
കമ്പമില്ലാത്ത കേസരിപോലെ.
ചിന്താശീലനാമേശുവെക്കാണായ്
ശാന്തഗംഭീര സാഗരംപോലെ
സംഗമില്ല സുഖദു:ഖങ്ങൾക്കു
മംഗലാന്മാവിന്നാത്മാവൊടൊട്ടും!

III

അപ്പീലാത്തോസിന്നന്തരംഗത്തി—
ലത്ഭുതത്തിൻ തരംഗങ്ങൾതത്തി!
ആകമാനമവനുററുനോക്കി
ലോകരക്ഷകൻ തൻതിരുമേനി!

മായമറെറാരു കത്താവൊടേവം
ന്യായകത്താവിന്നോതേണ്ടിവന്നു!
"വാദഹീനമുരസ്സുക നീയ്യോ!
യൂദരാജാവു, പുണ്യപുരുഷ!"
"നീതാനല്ലൊ പറഞ്ഞതിവ്വണ്ണം
നീതിമാനാം നിയമകത്താവേ!"
തേനാളംമൊഴിയേവം മൊഴിഞ്ഞു
മൗനംപൂണ്ടു മരുവിനാനേശു.

IV

ഒട്ടനേകം യഹൂദാചാൎയ്യന്മാർ
കൂട്ടംകൂടിനിറഞ്ഞു സദസ്സിൽ
അപ്പുരാവലി മുഖ്യന്മാരായ
മൂപ്പന്മാരുമസംഖ്യമണഞ്ഞു!
ആളാലാനിയമജ്ഞന്നാസ്ഥാന-
മോളംതല്ലും കടലായിമാറി
ആത്മബന്ധഹനനത്തിന്നെന്താ
ണാത്തലച്ചു പുരോഹിതർ കേറാൻ?
കാശിന്നൊററിക്കൊടുപ്പൂ ദൈവത്തെ
ക്ലേശിച്ചാലും കപടമതികൾ.
നന്മവെൺകതിർ നീട്ടുമോതെല്ലും
തിന്മകൊണ്ടിരുളാണ്ട ലോകത്തിൽ?

V

ഒട്ടയന്നിനൻ മേഘാമറഞ്ഞു
പട്ടുമൂടിയ മാണിക്യം പോലെ
ദീനംദീനം കരഞ്ഞു തുടങ്ങി-
യാനന്ദത്തിലലിഞ്ഞ കിളികൾ.
"ഇന്നുതന്നെ കുരിശിൽത്തറച്ചു
കൊന്നിടേണമിവനെയുടനെ"

കേൾക്കായിങ്ങനെ യാൾക്കാരുയത്തു–
മ്മക്കാളുന്ന കോലാഹലംകഷ്ടം!
വിണ്ടലംപോൽ വിധികത്താവിനും
വിണ്ടുപോലു മുൾത്തണ്ടുമാലാണ്ടു
അന്ധകാരവലയത്തിൽപ്പെട്ടാ–
ലന്ധനാകും നിയമജ്ഞൻപോലും.

കൊല്ലാൻതന്നെ വിധിച്ചു കത്താവെ
കില്ലുറവുള്ള പീലാത്തോസു ശുദ്ധൻ!
കോഴപൂണ്ടും കപടക്കൾകഷ്ടം
കീഴടങ്ങണംപോലും കൃപാർദ്രർ!

## VI

ആഗ്ഗുരുവിൻെറ രക്തം കുടിപ്പാൻ
ഗാഗ്ഗുൽത്താമല പൊങ്ങിനില്ക്കുന്നു,
കാട്ടുരുവികളുത്തരീയങ്ങ–
ളിട്ടുകണ്ടരിക്കണ്ണുമുരുട്ടി!
കാറണിഞ്ഞ കൊടുമുടികൊണ്ടു
കേശഭാരകിരീടവുംചൂടി
ചെങ്കാവിത്താടി പൂണ്ടവൻമിന്നി,
ഹുങ്കാളുന്നൊ രസുരനെപ്പോലെ
രണ്ടുദുഷ്ടർ നടുക്കു കുരിശിൽ
തണ്ടുമേററിച്ചുകൊണ്ടു കത്താവെ,
കൊണ്ടുപോയി പുരോഹിത ദൂതർ
കണ്ടുവെങ്കിലുതിന്നു പോം കണ്ണീർ!
മുൾക്കിരീട മണിയിച്ചു ഭീമ–
മക്രൊംഗൻെറ മൗലിയിൽ ദുഷ്ടർ!
പൂങ്കുളിരുടൽപ്പൂവിൽ ബ്ഭയദം
ചെങ്കുപ്പായ മിട്ടുവിച്ചു നീചർ!
യൂദന്മാരുടെ രാജാവെന്നോതി–

യാദരസ്മിതംപൂണ്ടു നിന്ദിച്ചു!
മുമ്പിലപ്പോഴും മുട്ടുകുത്തീടാൻ
വെമ്പിടുന്നതുമെന്തേ ഭടന്മാർ?

## VII

പള്ളിദ്വാരത്തിൽ തൂക്കിയിട്ടുള്ള
പുള്ളിപ്പൂന്തിരശ്ശീല കീറിപ്പോയ്!
പാറപോലും പിളർന്നു പോയെങ്ങും
പാരം ഘോരാന്ധകാരം പരന്നു!
ഹാ! മഹിയുമിളകി വിറച്ചു!
കാമം പ്രേതാലയങ്ങളും തുറന്നു!
"എൻപിതാവേ, നീ കാത്തുകൊണ്ടാലും–
മൻപിലെന്നെ"യാരോദനം പൊങ്ങി!
അക്കരിശിങ്കൽ തൂങ്ങുമുടൽവി–
ട്ടക്കളിരൊളിത്തൂമിന്നൽ പൊങ്ങി.

ഫാ: S. തോർമാം. M. O. L.

# ★ ഇടയച്ചെറുക്കൻ

### (ഉപസൎപ്പണി)

## I

വിജനദേശത്തു വ്യാകുലവ്യഗ്രനൊം–
രജപബാലക നേകനായ് കാണ്മൂതെ.
അവന്നസന്തുഷ്ടി തെല്ലുമി ല്ലൊന്നിലു–
മവനിലില്ലൊരു സംതൃപ്തിയേതിലും.
ഘൃണയൊടുള്ളിലനുസ്മരിക്കുന്നുതൻ
പ്രണയധാമമാം മേഷപ ബാലയെ.
പ്രണയമൂറി വളൎന്നു നിറഞ്ഞുതൻ
ഹൃദയമയ്യോ! പിളൎന്നു പോകുന്നിതാ!

## II

പ്രണയശസ്ത്രം തറയുന്ന തല്ലതൻ
പ്രലപനത്തിന്നു കാരണം ദാരുണം,
കരവതിന്നു നിദാനമോ താനിദം
കഠിനവിസ്മൃതി തന്നിൽ ലയിപ്പതാം.
മധുരഭാഷിണി തന്നെയിതേവിധം
മറവിക്കാട്ടിൽ വെടിഞ്ഞതു ചിന്തിച്ച്
കദനഭാരമോടീ വിപ്രവാസത്തിൽ
കരുണമേറിടും യാതനപേറുന്നു.
പ്രണയമൂറി നിറഞ്ഞുതൻ ഹൃത്തടം
പിളരവേ യാൎത്തൻ വാവിട്ടുകേഴുന്നു.

## III

"സതി, മനോഹരി, കണ്മണിയീവിധം
വ്യതിചലിക്കുവാൻ ഹേതുവെന്തീശ്വരാ!
ചരിതമീ വിധമാക്കിയ ദുർഭഗൻ
ദുരിതനിർഭരമന്തം വരിക്കണം!
കറയകന്നതൽ പ്രേമസലിലത്തി—
ന്നുറവുണക്കിയാ ദുഷ്ടനവനുള്ളിൽ,
അതിനുശേഷമെൻ സാന്നിദ്ധ്യ സൗഭഗ—
മനുഭവിക്കുവാനില്ല വകക്കിഷ്ടവും!
പ്രണയമൂറിവളന്നു നിറഞ്ഞെൻെറ
ഹൃദയമയ്യോ! പിളന്നു പോകുന്നിതാ!"

## IV

നിരുപിച്ചേവം വിഷാദനിമഗ്നനായ്
തരുവൊന്നിലക്കിശോരക നേറിനാൻ;
കരയുഗം വിരിച്ചായതിൻ ശാഖിമേൽ
പരമയാഗമായ് തൂങ്ങിക്കിടക്കവേ
പ്രണയമൂറിവളന്നു നിറഞ്ഞതൻ
ഹൃദയമയ്യോ! പിളന്നു തകന്നുപോയ്! ....

---

( * ആത്മനാഥനായ ക്രിസ്തുവിനേയും പൈശാചികപ്രലോഭനം നിമിത്തം അവിശ്വസ്തയായിത്തീന്ന ഒരാത്മാവിനേയും കുറിച്ച് വിശുദ്ധ യോഹന്നാൻ ക്രൂസ് എഴുതിയ ഒരു രൂപക ഗാനത്തിൻെറ സ്വതന്ത്രവിവത്തനം.)

വിവ. ഫാ. ഹെർമൻ. O. C. D.

# പൊൻവിളക്ക്

(ഗുണമേറും ഭർത്താവേ........)

I

ഇരുളാഴി മൂടിക്കിടന്നുലോകം-
മൊരുകാല മന്ധമായ് വീർപ്പുമുട്ടി!
തരുനിരപോലും പകച്ചുനിന്നു
പറുദീസാരാമത്തിൻ മാറിടത്തിൽ!
മരതകക്കുന്നിനുമുള്ളുരുകി
മരവിച്ചു മൂലോകമാകമാനം,

II

കിളികളലാറം മുഴക്കിടവെ,
കുളിരീളം തെന്നലുലാത്തിടവെ,
പനിനീർത്തുമുത്തുപതക്കംകെട്ടി
പനിനീർപ്പൂവല്ലി കളാടിടവെ
പുലരി, മണിപ്പൊൻ വിളക്കുവച്ചു
പുളകിത പൂർവ്വാദ്രിത്താഴ്വരയിൽ!

III

കറയെഴും ലോകമെ, നീയുണരാൻ
നിറകതിർ ചിന്നുമപ്പൊന്നുദീപം
അമലാംബതൻ മാൺപിൻ കന്ദളമോ!
അമരാഭിവന്ദ്യമാ മാനന്ദമോ!
സുമധുരദർശന, നീകനിഞ്ഞു
മമമിഴിയെന്നും വിടർന്നിടാവൂ!

IV

സ്ഫുടമായിക്കാട്ടിലും കുന്നിലുംവൻ–
കടലിലും നിൻപാദ മുദ്രകാണാം.
പുകയററ നിന്നൊളി തന്നെയല്ലീ!
പകലവനെന്നു പറഞ്ഞിടേണ്ടു.
ചിരിപൂണ്ട കാലിത്തൊഴുത്തിൽ വയ്ക്കോൽ
വിരിയിൽക്കിടന്നു കളിയ്ക്കുകുഞ്ഞേ!

V

ഉലകിനെയൊക്കയും താങ്ങിനില്ലും
മലരിളംപൊൻകുഞ്ഞിക്കൈകുടഞ്ഞു,
തെളിവാന്നനുകമ്പയോമനിയ്ക്കും
തളിരണി മോഹനക്കാൽ കുടിച്ചു,
അരുളുംനിൻ മംഗള കോമളാംഗ,
മരുളാവൂ ഭക്തിയും മുക്തിയും മേ!

VI

പുലരികൊളുത്തിയ പൊൻവിളക്കേ,
ഉലകിൻെറ മാണിക്യക്കൽവിളക്കേ,
ഇഴകിപ്പിടിയ്ക്കു മിരുട്ടനീക്കാ
നഴകിലുദിച്ചു നീ യെങ്ങിനെയോ?
മറിമായമങ്ങു താനമ്മയേയു–
മറിയിച്ചുമാലാഖ തന്മൊഴിയാൽ
പരിചിലവിട്ടന്നു ചിന്തിടും പൊൻ–
പൊരികളീ ബ്രഹ്മാണ്ഡ ഗോളകങ്ങൾ.

Fr: S. തേർമാം M. O. L.

# പാപിയുടെ പശ്ചാത്താപം

(അമ്മതൻ തങ്കക്കുടമേ....പോലെ.)

കന്യകാനന്ദനനീശാ, ധന്യധന്യനാം യേശുമഹേശാ,
മന്നിന്റെമാലിന്യം മാററാൻവന്ന ചിന്മയദൈവകുമാരാ
നിന്നണിത്തോളുകളല്ലേ എന്റെകല്മഷക്രൂശുചുമന്നു!
നിൻമണിച്ചങ്കതിലല്ലേ എന്റെ തിന്മയാംകുന്തംകടന്നു!
നീയെനിക്കേകിയനന്മ യേതുമോരാതെചെയ്തുഞാൻപാപം
നീയെനിക്കാലംബമാണെന്നോർക്കാതേകിനിനക്കുഞാൻതാപം
സ്നേഹിച്ചുനീയെന്നെയേററം ഞാനോദ്വേഷിച്ചുനിന്നെയതീവം
പാലിച്ചിടുന്നുനീയെന്നെഎന്നാൽ ദ്രോഹിച്ചുനിന്നെഞാനേവം
സ്നേഹത്താൽലോകംചമച്ചു ഉററസ്നേഹത്താൽ മോക്ഷംരചിച്ചു
സ്നേഹത്താൽദേഹംപകുത്തു പക്ഷേ ഞാനാനിൻസ്നേഹംവെറുത്തു
ദാനങ്ങളേകുന്നകൈയിൽ ഞാനങ്ങാണിതറച്ചുകഠോരം
ദീനർക്കുസൗഖ്യംകൊടുത്തോരങ്ങേ വേദനിപ്പിച്ചതിഘോരം
ആയിരംവട്ടം ഞാനങ്ങേ ഇന്നിവേദനിപ്പിക്കയില്ലെന്നായ്
മായമറ്റേകി ശപഥം അന്നും ഞാൻ ബലഹീനനായ്പ്പോയി.
വാഗ്ദാനം ചെയ്തതിൻപിമ്പേയതിൻ ലംഘനത്തിന്നും മുതിന്ന്
വാഗ്ദത്തനിഷ്ഠയെഴാത്തോരെന്നിൽ നിൻകരം ചേർക്കണേയെന്നും.
ധിക്കാരമല്ലവയൊന്നും വെറും ശക്തിക്കുറവാണേ നാഥാ,
എക്കാലവും കരം തന്നാൽ എന്റെ ശക്തിയെല്ലാം വന്നുചേരും.

(വർഗ്ഗീസ്സ് ജെ. മാളിയേക്കൽ.)

# ക്രൂശിതനോട്

(ഗീതകം)

ദൈവമേ! നീ നൽകിടും നിസ്തുല നിത്യഭാഗ്യം
കൈവരുമെന്നല്ല ഞാൻ നിന്നെ സ്നേഹിപ്പതെന്നും;
ഘോരമാം നിത്യാഗ്നിതൻ ഭീതിയാലല്ല നിന്നെ
ദ്രോഹിക്കുന്നതിൽനിന്നും ദൂരെഞാൻ വാങ്ങുന്നതും.

എന്നകമലിയിപ്പതങ്ങുതാൻ ദൈവാത്മജാ!
നിന്ദ്യനായ് ക്രൂശിന്മേൽ നീ തൂങ്ങുമീ ദൃശ്യത്തിനാൽ;
കയ്യേററങ്ങളും മുറിപ്പെട്ടനിൻ പൊന്മേനിയു-
മയ്യോ! നിൻമരണവും കണ്ടുഞാൻ കരയുന്നു!
ഉൽക്കടതാപ മുള്ളിൽചേർക്കുമീ കാഴ്ചനോക്കി
നിൽക്കുന്നു നിരന്തരം നിൻ കാൽക്കൽ ഞാൻ ഭക്തിപൂർവ്വം.

സ്വർഗ്ഗമില്ലെന്നാകിലും സ്നേഹത്തിൽ വസിക്കുവൻ;
ശിക്ഷയില്ലെന്നാകിലും ഭീതിഞാൻ വെടിഞ്ഞിടാ;
സമ്മാനമില്ലെങ്കിലും പ്രത്യാശയില്ലെങ്കിലും
എന്മനസ്സെന്നും നിന്നെ നിർമ്മമം സ്നേഹിച്ചിടും!

---

(സ്പാനിഷ് മിസ്റ്റിസിസത്തിലെ ഒരു പ്രാമാണിക ഗീതകത്തിന്റെ സ്വതന്ത്രവിവർത്തനം. ഇതിന്റെ കർത്തൃത്വം പലരിലും ആരോപിക്കപ്പെട്ടിട്ടുണ്ട്. ഐയിമിഗുവെൽ ദെ ഗെവാരാ (1638) ആണിതു രചിച്ചതെന്ന അഭിപ്രായത്തിനാണു കൂടുതൽ പ്രാബല്യം.

വിവ. ഫാ. ഹെർമൻ O. C. D.

★

# വഴിപോക്കൻെറ വിലാപം. *

(ഹിന്ദി "തുമ് നെജാനെ........" പോലെ)

നേർവഴിക്കെന്നെ നീ നയിച്ചാലുമെന്നുമെ
കാരുണ്യകാന്തി തിങ്ങിടും ദിവ്യമഹിമയേ........ (നേർ....)

ക്രൂരിരുൾചുഴന്നേഴഞാൻ പാരമുഴന്നു വലഞ്ഞിതാ
രാവിലാണന്ധകാരവും, വീട്ടിൽനിന്നേറെ വിദൂരവും
കാണേണ്ടദൂരത്തെ കാഴ്ചകൾ, കാല്യകൾക്കാലംബം പോരുമേ
നായകാ........നായകാ........ (നേർവഴി........)

ഈവിധമൊരുയാചന ചെയ്തതായോർമ്മിക്കുന്നില്ലഞാൻ
മാമകഹിതംപോലവെ പോയിഞാൻ, എൻഹിതം ചെയ്തുഞാൻ
കാര്യങ്ങൾ മാറുകയായിതാ, അങ്ങെന്നെ ആനയിച്ചീടുക
നായകാ ........ നായകാ ........ (നേർവഴി) –

ആനന്ദംതരും നാൾകളെ ആഗ്രഹിച്ചാസ്വാദിച്ചേറെഞാൻ
ഭീതിയാൽമനംമാഴ്കിലും ഞാനഹങ്കാരിയായ് വാണുപോയ്
പൊയ്പ്പോയൊരാവത്സരങ്ങളെഓർക്കല്ലെ നീയൊരുനാളുമേ
നായകാ ........ നായകാ ........ (നേർവഴി) –

കാത്തിരുന്നിന്നീനാൾവരെ താവകശക്തിയെൻ കാൽകളെ
കാത്തിടും തവപാണികൾ നാളെയുമെന്നുടെ നാൾകളെ
കാത്തിടുമെന്നെന്നീയെങ്കിലോ പൂത്തിടുമെന്നാശാവല്ലരി
നായകാ ........ നായകാ ........ (നേർവഴി) –

ശാദ്വല, മല, ചോലകൾ, മാമരക്കൂട്ടങ്ങൾ, താഴ്വര
ഭീകരമരുഭൂമിയും താണ്ടിയാണെന്നുടെയാത്രയും
രാത്രിയിലാണതും, ആകയാൽയാത്രയിൽ കാവലായ് തീരുക
നായകാ ........ നായകാ ........ നേർവഴി) –

അന്ധകാരമകന്നൊരു ബന്ധുരദീപ്തിപകർന്നിടും
സന്തതപ്രഭവാനിലും പാരിടത്തിങ്കലുംപൂവിടും
പുഞ്ചരിതഞ്ചിനവാനവർ സഞ്ചരിക്കുംകാഴ്ചനേരിടും
ഭാഗ്യമാ ........ കാഴ്ചതാൻ ........ (നേർവഴി) –

* കാർഡിനൽ ന്യൂമാന്റെ ലോകപ്രസിദ്ധമായ
"Lead Kindly Light" എന്നകവിതയുടെ തർജ്ജമ.

വിവ. വർഗ്ഗീസ് ജെ. മാളിയേക്കൽ.

# ഇരുളിലെ ഈരടി.

(ഗാഥ)

എണ്ണിഞാനെണ്ണി ഞാനെന്നാത്മനായകാ,
എണ്ണിഞാനേറെനാളാശയോടെ.
എന്നിട്ടുമെന്നാത്മസൂനത്തിലാശപാസ–
പ്പൂന്തേൻപകരാൻ നീയെത്തുകില്ലേ?
വിശ്വംവിളക്കിയ വിജ്ഞാനദീപ്തിയെ,
വീഴമീയേഴയെക്കാണ്മതില്ലേ?
കണ്ണാലെകണ്ടിട്ടും കണ്ണുതിരിക്കാതെ
വിണ്ണിൽവിദൂരത്തിൽ നില്ക്കയാണോ?
കല്ലുകളും മുള്ളുകളും കാറണിക്കാടുക–
ളെല്ലാമെൻ വീഥിയിൽ കാണ്മൂനാഥാ.
കൂരിരുളും ചൂഴമീ ഭീകരരാത്രിയിൽ
നീയൊരു കൈത്തിരി കാട്ടുകില്ലേ?

അങ്ങങ്ങകലെയായങ്ങുന്നു നില്ക്കുന്ന
ന്നെങ്ങു നിന്നോ വന്നതീച്ചയെന്റെ
ക്ലരിശങ്ങൾതിങ്ങുമീ ഭീകരരാത്രിയി–
ലേകവെളിച്ചമായ് മിന്നിടുന്നു.
അക്കൊച്ചുനാളത്തിൻ മങ്ങിയ ജ്വാലയു–
മിക്കൊടുംകാററു കെടുത്തിയാലോ?
അല്ലെങ്കിൽ മേലോട്ടു മേലോട്ടു പോകുമീ—
കല്ലോലമാല വിഴുങ്ങുമാറോ?

ദീപം പൊലിഞ്ഞാലുമാപത്തണഞ്ഞാലും
പാദം പിഴയ്ക്കാതെ കാത്തിടേണം.
ഭീകരസാഗരെയാണിടും നേരവു–
മേകമെന്നാഗ്രഹം നിൻമഹത്വം.
താവക ഹൃത്താരിൽ രാഗപരാഗങ്ങൾ
തൂവുകയാണെന്റെ ലക്ഷ്യമെന്നും.
ജീവിതം വേണമെന്നില്ലെനിയ്ക്കല്പവും
പാവനനങ്ങേയ്ക്കനിഷ്ടമാകിൽ.

എന്തിതുനാഥ, നിൻപാവന മാനസം
ഹന്ത! യീക്കുഞ്ഞിനെ വിസ്മരിച്ചോ?
ഏഴഞാനെങ്കിലു മേറിയ മൂല്യമ–
തേകിനീയെന്നെയണച്ചതല്ലേ?
പണ്ടുപടിഞ്ഞാറു സൂര്യനണഞ്ഞപ്പോൾ
തണ്ടലർ കൂപ്പും മുഖം നമിച്ച്
കണ്ടകനിർഭരമക്കിരീടത്തിനാൽ
വിണ്ടൊരാത്തൂത്തലയും ചരിച്ച്
പാപത്തിൻ പാടററ പൂമേനിക്രൂശതിൽ
പാപികൾക്കായങ്ങു നാട്ടിയില്ലേ?
പാരം കരുത്തുറെറാരാത്തിരുപ്പാണികൾ
പാരിൽ പിറന്നോർക്കായ് നീട്ടിയില്ലേ?
വാർതിങ്കൾ തൂവുന്നവാരൊളി വെള്ളമാ–

വാനോർ പുകഴ്ത്തും വദനസൂനം
ഇമ്പമായെന്മുഖ ബിംബത്തിലോമന-
ച്ചുംബനമേകുവാൻ താഴ്ത്തിയില്ലേ?
ചോരതൻ തുള്ളികൾ തുള്ളിത്തുടിക്കുമാ-
ത്താരണിക്കോമള ച്ചെന്തൊടികൾ
മെല്ലെ വിടർത്തി വിരിച്ചു നീയക്കണ്ണു-
നീരിന്റെ സ്വാദും രസിച്ചതല്ലേ?
എന്തിനുനാഥാ നീയേവം കനിഞ്ഞുനി-
ന്നന്തികെ ഞാൻ വന്നണഞ്ഞിടാനായ്.
എങ്കിലുമെന്നെനീ കൈവെടിഞ്ഞീടുമോ-;
ചങ്കം പിളക്കുമീ വേദനയിൽ!

— ഫാ: ജെ. വടക്കേത്തല. C. M. I.

## വത്സലലില്ലി. *

(ഗ്രുണമേരം........ + മാവേലി....)

അനുപമവരസൂന മുല്ലസിക്കു-
മാനന്ദോദ്യാനമാണെന്റെ യുള്ളം.
അവനിയിലെന്നിലും ശൈശവത്തി-
ന്നാരംഭം തൊട്ടെല്ലാമോർത്തിടുമ്പോൾ
വരദനാമഖിലേശാ! സർവ്വം നിൻ
വാത്സല്യത്തിൻ വേലയെന്നു കാണാം.
അതിനെല്ലാമങ്ങേയ്ക്കു നന്ദി ചൊല്ലാ-
നാശയെന്നുള്ളിൽ വളർന്നിടുന്നു.
കഴിവില്ലതിന്നെനിക്കെന്നു, കഷ്ടം!
കാണുന്നു, നാഥാ! ഞാനെന്തു ചെയ്യൂ?

സതതം നിൻ പിമ്പേ വരുന്ന കന്യാ–
സംഘത്തിൽ സ്ഥാനം നീ തന്നെനിക്കും.
ഇതിനെനിക്കേറ്റ കൈവരാനായ്
ഈശോ! ഞാനെന്തു ശുശ്രൂഷ ചെയ്തു?
ഇനി നന്ദിപൂർവ്വം വിനീതയായ് ഞാൻ
ഈ ശുഭ്രസൈന്യത്തിൽ നിന്നുകൊള്ളാം.

2

വ്യസനമേ! ഈശോ നീയെന്റെയുള്ളിൻ
വ്യാധികളെല്ലാമറിഞ്ഞിടുന്നു.
അവശയാമെന്നിൽ നീ പുണ്യമേലും,
ആത്മനാഥാ! കാണ്മതില്ലയല്ലോ.
നിധിയെനിക്കൂഴിയിലുള്ളതെല്ലാം
നീതന്നെ മാധുര്യമേറുമീശോ!
തവതിരുമുഖദീപ്തിയെന്നുമെന്റെ
താരുണ്യത്തെ മുദിപ്പിച്ചിടുന്നു. (സങ്കീ. 42, 4)
പ്രണയത്തിൻ പ്രായമായെന്നിലോരോ
പ്രാരംഭ ഭാവങ്ങളും കണ്ടുടൻ, ഹാ!
പരിണയത്തിന്നവകാശിയായ് നീ
പാണിയും നീട്ടിയെൻ പക്കലെത്തി!
ഇവളെ സമ്പൂർണ്ണമായ് തൃപ്തയാക്കാൻ
ഈശോ! നിനക്കേ സാധിക്കയുള്ളൂ.
അളവെന്യേ സ്നേഹിപ്പാനുള്ളോരെന്റെ–
യാവശ്യം നീ മാത്രമേ ഗ്രഹിപ്പൂ!

3

ഒരു കുഞ്ഞാടെന്നോണം മാലയെ വി–
ട്ടോടിപ്പോയ് സ്വച്ഛന്ദം കേളിയാടാൻ
അകലത്തിലങ്ങിങ്ങലഞ്ഞഹോ! ഞാൻ
ആപൽഭയമൊന്നു മെന്നിൻമോദം.
പരലോകറാണീ! യെൻ സ്നേഹമേറും
പാലികേ! നീയെന്നരികിലെത്തി
അവനം ചെയ്തുതല വാത്സല്യമോടെ

ആപത്തിൻ മദ്ധ്യത്തിൽ നിന്നുമെന്നെ.
അടിതെറ്റി ഞാൻ വീഴുമായിരുന്നോ-
രാപത്തിൽ വക്കത്തു നിന്നുമമ്മേ!
ഉടനെന്നെ നീ കാണിച്ചുദിതമോദ-
മുത്തുംഗകന്മല ശൃംഗദേശം.
കഠിനമെന്നാലു മതിൻനിവാസം
കാമ്യമാമാനന്ദദായകം താൻ.
അതിനെയെൻ സ്വർഗ്ഗീയ മാർഗ്ഗമായ് ഞാ-
നാശ്ലേഷിക്കാനന്നു തീർച്ചയാക്കി.

4

വിഹരിക്കുന്നല്ലോ വിമലവാനോർ
വിണ്ടലമെങ്ങും പറന്നുമോദം.
അവരിൽ വിളങ്ങും നൈർമ്മല്യ, മീശോ!
ആസ്വദിക്കുന്നു നീ കൺകുളുർക്കെ.
വെളിയിൽ മുളച്ചു വളർന്നു സ്വച്ഛം
ചേലിൽ വിലസുന്ന ലില്ലിയേയും
അനവദ്യം രക്ഷിച്ചു മോമനിച്ചു
മാനന്ദിച്ചീടുകയില്ലയോ നീ?
പരിശുദ്ധ മാനസർ നിന്റെ മുമ്പിൽ,
പാടല വർണ്ണപക്ഷങ്ങളുള്ളോർ,
പകലെന്നോ രാവെന്നോ ഭേദമെന്യേ
പാടുന്ന രംഗം ഞാൻ നോക്കി നില്ക്കേ
പരിശുദ്ധരാമവർക്കൊപ്പമായി
പാവനകന്യാത്വ ശുഭ്രവസ്ത്രം
പരലോകം ചേരുന്ന നാൾ വരെയ്ക്കും
പാരിലുമെന്നെ യലങ്കരിക്കും. (മേ, 1897)

(* വി. കൊച്ചുത്രേസ്യാ, പരിശുദ്ധ സ്ത്രീത്വത്തിന്റെ മേരി എന്നൊരു നവസന്യാസിനിക്ക് എഴുതിക്കൊടുത്ത ഒരു ഗാനത്തിന്റെ ഭാഷാ വിവർത്തനം. — മൂലം: ഫ്രഞ്ച്. വിവ: ഫാ. ഗെ.)

# കർമ്മലസഭാപ്രവേശം*

( ഒരൊററമതമുണ്ടുലകിന്നുയിരാം ............ )

പൊട്ടിച്ചിന്നെൻ തുടലുകളെല്ലാം,
മിശിഹാ! ഈശോ! നീ,
കിട്ടിയെനിക്കു വിമോചന മിന്നെൻ
കെട്ടുകളിൽനിന്നും.

2

കന്യകമാതാം തന്നുടെ സഭയിൽ
വന്നിഹചേരുന്നേൻ,
ഉന്നതദാനം നിരവധിയെന്നിൽ
വന്നിടുമിനിമേലിൽ
വാത്സല്യം വഴിയുന്നവരേയും
ഭവനത്തേയും, ഹാ!
വത്സയിവരാം നിന്നരികിൽനില്ക്കാൻ
വെടിയുന്നെന്നാലും,
നിരവധിവരനിരയവരിൽചൊരിയാ
നറിയുന്നല്ലോ നീ;
അവരുടെകലുഷതമുഴുവനുമങ്ങു
ന്നലിവൊടുകഴുകണമേ.

3

കർമ്മലസഭയിൽതന്നെവസിക്കാൻ
മുഴുമനസ്സാകുന്നേൻ
ശാന്തമാമീനിലയത്തിൽ താ
ന്നെന്നെവിളിച്ചതു നീ.
പ്രണയത്തൊടുനിൻപദതാർമുദ്രക
ളനിശംപിന്തുടരാൻ
സഫലമിതുതാൻന, നിവിടെവസിക്കും,
ഇവിടെമരിക്കുംഞാൻ.

4

എന്നുടെവാഞ്ഛകളഖിലവുമങ്ങു
ന്നിന്നിഹസാധിച്ചു,
ഇന്നുമുതൽഞാൻതിരുസക്രാരി
ക്കരികിൽതവസവിധേ
ഉള്ളിൽശാന്തിനിറ, ഞ്ഞൊരുബലിയായ്
നിന്നിടുമതിമോദം,
നിർമ്മലമാംതിരുവോസ്തിയിലെന്നുടെ
കണ്ണുമുറപ്പിക്കും.
കത്തിയെരിഞ്ഞിട്ടതിനുടെരശ്മിക
ളെന്നെദഹിപ്പിക്കും.
ഭക്തിജ്ജ്വാലകരെപ്പോൽഞാനും
നിന്നെസ്നേഹിക്കും.

5

അധികംതാമസമെന്യേഞാനും
നിന്നെപ്പിന്തുടരും;
മഹിയെൻവാസംതീരുമ്പോൾ ഞാൻ
നിത്യനിവാസത്തിൽ
വരുമതിമോദംതവതിരുസ്സന്നിധി
യനവരതംവാഴാൻ,
മരണമൊരിക്കലുമറിയാതങ്ങയെ
നീരതംസ്നേഹിക്കാൻ...........

(15 ഓഗസ്റ്റ്, 1895)

* (വി, കൊച്ചുത്രേസ്യാ, വി. കുമ്പ്സാനയുടെ മേരി എന്ന ഒരു അർത്ഥിനിക്ക് സഭാവസ്ത്ര സ്വീകരണദിവസം പാടുവാൻ എഴുതിക്കൊടുത്ത ഗാനത്തിൻെറ വിവർത്തനം:—മൂലം: ഫ്രെഞ്ച്. വിവ. ഫാ:ഹെർമൻ)

" കർത്താവേ, എൻെറ വിലങ്ങുകൾ നീ തകർത്തു "

(സങ്കി. 115, 7)

# പടക്കോപ്പുകൾ

(വി. കൊച്ചുത്രേസ്യാ, ഒരു നവസന്യാസിനിക്കു വ്രതവാഗ്ദാന ദിവസം പാടാൻ എഴുതിക്കൊടുത്തതു്.

വിവ ഫാ. ഹെ )

1

പടപൊരുതുന്നതിനായുധമെന്നുടെ-
യുടലിൽ മന്നവനണിയിച്ചു
നിജകരവിരുതെൻ വിരലുകളിൽരണ-
നിപുണതയും നിക്ഷേപിച്ചു. (സങ്കീ. 143, 1)
പടയിൽ വിരുതൻ പരമബലിഷ്ഠൻ
പരിശീലിപ്പിപ്പതുമൂലം
അരിയുടെ ഭയമൊരുശകലവുമെന്നുടെ-
യരികെ പോലുമടുക്കില്ല.
പ്രിയതനിറഞ്ഞുവഴിഞ്ഞിടുമെന്നുടെ
പ്രിയതമനിൽ നിന്നാരെന്നെ
അകലെയകറ്റി, യകത്തെരിയുന്നോ-
രനലനെയാകെയണച്ചീടും? (റോമ്മാ. 8, 35)

2

ആയുധമങ്ങണിയിപ്പതുമായി-
ട്ടായുംഞാൻ രണരംഗത്തിൽ,
തീയുംവാളും നേരെവരികിലു-
മീയുള്ളോൾ പിൻവാങ്ങീടാ.
ഉന്നതദൈവം തന്നുടെ പ്രണയിനി-
യെന്നെന്നെയരിയറിയുന്നു,
വന്നെന്നോടിടയുമ്പോൾ ഞാനൊരു
മന്നവിയെന്നു മറിഞ്ഞിടും.

3

ഈമൂന്നായുധമീദിനമെന്നെ,
ഈശോ! നീയണിയിക്കുന്നു,
എന്നുടെ മൂന്നുവ്രതങ്ങളുമാണിവ-
-ചൊന്നീടാതറിയുന്നു നീ.
ഇവമൂന്നും ഞാനെന്നുടെ ജീവിത-
മവസാനിക്കും ദിനമോളം
അണിയുംമെന്നിയി, ലവയാണേറ്റവു-
മഴകെഴുമെന്റയലങ്കാരം.

4

ദാരിദ്ര്യം ഹാ! മരണംവരെയും
പാരിൽഞാനതു പാലിക്കും.
ഭാരംകൂടിയവിഭവങ്ങളുമായ്
പോരിനുപോവുക ദുസ്സാധം;
പാവനമാകും ദാരിദ്ര്യത്താൽ
പായാൻലഘിമ ലഭിച്ചീടും.
അത്യാഗ്രഹമൊടുദിനവും നിരവധി
വിത്തംസമ്പാദിപ്പോരേ,
ഹൃദയശുടിയും ദുരിതവുമല്ലേ-
യതിനുടെതിക്തഫലം? ചൊൽവിൻ.
ദാരിദ്ര്യത്താൽ വരുമഴലെല്ലാം
പാരിൽദിനവും പേറുംഞാൻ
ശാശ്വതമാകും സമ്മാനങ്ങൾ
ഈശ്വരസന്നിധി പ്രാപിക്കാൻ.
നാകത്തേറാൻ ബലവന്മാർക്ക്
സാധിച്ചീടുകയുള്ളല്ലോ (മത്തായി, 11, 12)
ശിരസ്സിലെനിക്കു 'പടത്തൊപ്പി'യുമെൻ
കരതലമതിലൊരു 'കുന്ത'വുമെ
ബത! കൈവരുമെൻ ദാരിദ്ര്യത്താൽ,
ബലമവയാൽ ഞാൻകാണിക്കും.

കന്യാത്വത്താൽ മാലാഖമാർ
തന്നുടെസോദരി ഞാനെന്നും. (മത്തായി 22, 30)
പാവനരാമവരോടൊത്താണി–
പ്പാരിലുമെന്നുടെ സഹവാസം.
ഒരുദിനമവരോടു ചേർന്നു പറന്നിഹ
വരുവൻ വാനിൽ മുഴുമോദം.
അതുവരെയവനിയിലവരെപ്പോൽ ഞാ–
നടമാടിക്കൊണ്ടമരേണം.
അരചാഗ്രണി, യെൻഹൃദയേശൻ തൻ–
നടരുദിനമിവളാടേണം.
ഇളവൊരുശകലവുമെന്നിയെരിപ്പവിൻ
ഗളമരിയുംവരെ തുടരേണം.
അതിനുതകുന്നോ 'രസി'യതിനിശിതം
അതിവിമലം മമകന്യാത്വം.
അതിനാലനവധി വിമലാത്മാക്കളെ–
യമലേശന്നരികത്താക്കാം.
കന്യാത്വത്തി 'ന്നസി'യാലരികളെ
വെന്നീടാമെന്നെന്നേയ്ക്കും.
കന്യാത്വത്താലേ ഞാനീശാ–
ള്ളെന്നും പ്രണയിനി, ഹാ! ഭവിക്കും!

6

വിയത്തിലെ വൻപ്രഭയിൽ വാഴുന്നോൻ
ലസികയിൽ ഗവ്വോട്ടുചൊല്ലി:–
"ഒരിക്കലും ഞാ 'നനുസരണ'ത്തിൽ
ചരിക്കുവാൻ മനസ്സാവില്ല". (ജെറമി, 2, 20)
ഇഹത്തിലെക്കൂരിരുളിൻമദ്ധ്യ–
യിരിക്കുമെല്ലാവും ഞാൻപാടും:

"മരിക്കുവോളവുമനുസരണത്തിൽ
വസിക്കുവൻ മുഴുമനസ്സോടെ." (ഫിലി. 2, 8)
നരകംമുഴുവനുമെന്നുടെനേരേ
വരികിലുമതിനെ വെന്നിടുവാൻ
കഴിവെന്നിൽഞാൻ കാണുന്നു, ഉണ്ടൊരു
കണിയില്ലകമേ സംഭ്രമവും.
അനുസരണത്തിൻ 'കവചം' 'പരിച'ക-
ളണിയുവനതിനോടെതിരിടുവാൻ.
മരണത്തോളം താഴ്ന്നൊരു നിന്നനു-
സരണത്താൽ വിജയിച്ചോനേ! (ഫിലി. 2, 8)
മമഹിതമങ്ങത്തിരുമനസ്സിൻ കീ-
ഴമരുന്നതിൽനിന്നുളവാകും.
മഹിമകളെന്യേ മറെറാന്നില്ലീ-
മഹിയിൽ വാഞ്ഛിതമെന്നുള്ളിൽ.
അനുസരണത്തിൽ ജീവിക്കുന്നവ-
നനവരതം തൻ വിജയങ്ങളെ
മധുമധുരം പാടീടുകയില്ലേ
മഹിയിലുമതുപോൽ മഹിമയിലും?
(സുഭാഷിതങ്ങൾ 21, 28)

7

ഭടനൊന്നോണം പടയുടെ കോപ്പുക-
ളുടലിലണിഞ്ഞു ഗമിക്കുകയിൽ,
കൊടിയൊരുശത്രുസമൂഹം നേരി-
ട്ടിടയുംവൻപട പൊരുതുകയിൽ,
അണിയിക്കുന്നല്ലീശോ, നീനിൻ-
പ്രണയിനിയെനവ ഭൂഷകളും!
രണശൂരതതെല്ലുണരുന്നതിനായ്
മണിഗാനങ്ങൾ പാടുംഞാൻ;
പാട്ടിൻപിന്നണി ഗീതത്തിനുനീ

മീട്ടുകമെല്ലെ വിപഞ്ചികയും.
നിന്നുടെകരഗത ഗാനവിപഞ്ചിക-
യെന്നുടെ ഹൃദയം, ഹൃദയേശാ!
അതിനുടെതന്ത്രികളോരോന്നും നി-
ന്നണിവിരൽ തട്ടിമുഴങ്ങിടവെ
പുരുമോദംഞാൻ പാടുംനിന്നുടെ
കരുണാഗീതകമതിമധുരം. (സങ്കീ. 88, 1)

8

വെടിയുണ്ടകളെൻനേരേ വരികിൽ
ചൊടിയോടവയോടെതിരിടുവൻ;
പ്രാണേശാ! നിൻപാണിയുഗത്തിൽ
പ്രാണൻവിടുവാനണയും ഞാൻ.
പടയുടെകോപ്പുകളെല്ലാമേററം
ദൃഢമായെന്നുടെ കരമേന്തി
അടരിൻഗീതിയിലവിടെത്തന്നെ
വിടുമെൻജീവനു മതികളുകം!.... (25 മാച്ച് 1997)

വിവ: ഫാ: ഹെർമൻ O.C.D.

# ഉണ്ണിയീശോയുടെ കിളിക്കൂട്.

(മാരകാകളി)

1

ഇക്ഷിതിവാസം വിവാസമെന്നാകിലും
പക്ഷികളുണ്ടല്ലൊ പാടാൻ!
മന്നിലീവത്സരിൽ മോദംവളർത്തുവാ-
നന്നതൻനൽകിയദാനം!
വാനേശനെസ്തുതിച്ചീടുന്ന പക്ഷികൾ
ഗാനങ്ങൾതൻ ശ്രുതിതൂകി;
സാനന്ദംപാടിപ്പറക്കുന്നു കുന്നിലും
സാനുദേശത്തിലുമെങ്ങും.

2

കാണുന്നകുട്ടികൾക്കൊക്കെയും പക്ഷിയെ
വേണമെന്നേറുന്നുമോഹം.
വീടുകൾതോറും ചമയ്ക്കുന്നു ബാലകർ
കൂടുകൾ ചാരുതയോടെ
കൂട്ടിൽപിടിച്ചിട്ടടച്ചു പോററീടുന്നു
പാട്ടുകേട്ടുരസിച്ചീടാൻ........

3

നാകംവെടിഞ്ഞുവിദേശത്തു വന്നോരെൻ
സോദരാ! ബാലകനീശോ!
കുഞ്ഞുകിളികളെ നീവളർത്തീടുന്ന
പഞ്ജരം കർമ്മേലയല്ലേ.
കൂടിനുചാരുതയേറെയില്ലെങ്കിലും
പാടുന്നുരാപ്പകൽ ഞങ്ങൾ.
വാനിൽപറന്നു വിഹരിച്ചു കൊള്ളുവാൻ
വാഞ്ഛയില്ലാരിലുമേതും.

പുഷ്പവനങ്ങൾക്കു സാധ്യമല്ലാനന്ദ-
മല്പവുംഞങ്ങൾക്കു നൽകാൻ.
ശാശ്വതമായുള്ളൊരാനന്ദമേകാത്ത-
വാസമേനൽകുകയുള്ളൂ.
പാടുന്നതൊക്കെയും, പാലക! നിന്നുള്ളി-
ലാനന്ദമേറുവാൻമാത്രം.

4

കൈകൾനീനീട്ടവെ പൈങ്കിളികൾക്കഭയം
കൈവെടിഞ്ഞു വരുന്നുണ്ണീ!
മഞ്ജുവാംനിന്നുടെ കുഞ്ഞുകൈയ്യിവ്വിധം
ഞങ്ങളേയും ക്ഷണിക്കുന്നു.
പൈങ്കിളിപ്പൈതൽ നിൻപുഞ്ചിരിപ്പൂവിനാ-
ലഞ്ചിടുന്നെന്നുമെന്നേയ്ക്കും;
വഞ്ചിതയാകയാലല്ല, നിൻസ്നേഹത്താൽ
ബന്ധിതയാകയാലത്രേ!

5

കന്മലാരാമത്തിൽ വന്നൊരുമുഗ്ദ്ധയാം
നിർമ്മലാത്മാവുതൻഭാഗ്യം!
സർവ്വാഭിലാഷവും സാധിച്ചുവെന്നവൾ
സർവ്വദാപാടുന്നുഗാനം!
ക്രൂരൻപരുന്തിനെപ്പേടിക്കവേണ്ടനീ
സാധുകപോതമേ! മേലിൽ.
ഏത്തടംസ്നേഹാഗ്നി തന്നിലെരിഞ്ഞുനീ
പാർത്തലേനിന്നുയർന്നീടു
പ്രാർത്ഥനയാകുന്ന പക്ഷങ്ങളെവിരി-
ച്ചക്ഷീണമാകാശദേശേ.
മോടിയാനുല്ലസിച്ചീടു നീയാറ്റകൾ
പാടിപ്പറന്നിടുംപോലെ.
പാടുവിൻ, പാടുവിൻ നീലക്കുയിൽകളേ!
പാടുക, പൈങ്കിളീ! നീയും.

6

പഞ്ജരം തന്നിലെ പക്ഷികളാകവെ-
യൊന്നുചേർന്നീശോ! നിൻനാമം
മഞ്ജുസ്വനത്തിലുരച്ചു പുകഴ്ത്തിടും
മംഗളം! മംഗളം! ഭാഗ്യം!

7

ആശങ്കയേതുമിപ്പാട്ടും പറവകൾ-
ക്കാഹാര ചിന്തയാലില്ല
വിത്തു വിതക്കുക, കൊയ്തു കൂട്ടീടുക,-
യിത്തൊഴിലുകളുമില്ല.
നെല്ലരിയൊന്നു കൊറിച്ചു സംതൃപ്തിപൂ-
ണ്ടുല്ലസൽ പിന്നെയും പാട്ടും.
ഉൽക്കണ്ഠയെന്നിയെ ഞങ്ങൾക്കുമവ്വിധ-
മിക്കൂട്ടിലും പാടിവാഴാം.
വേണ്ടുന്നതൊക്കെയും വേണ്ടപോൽ നൽകുവാ-
നുണ്ടല്ലോ നിൻ കുഞ്ഞുകൈകൾ!
ഒന്നുമാത്രം മതി; സ്നേഹിക്കണം ഞങ്ങ-
ളെന്നുമെന്നും നിന്നെയുണ്ണീ!

8

ആട്ടെ, വാനോരൊത്തു ഞങ്ങളും, ഹാ! നിന്നെ-
പ്പാട്ടു പാടിപ്പുകഴ്ത്തീടാം.
നിസ്തുലനിർമ്മലശോഭവിലസിടു-
മുജ്ജ്വല വാനവവൃന്ദം
പഞ്ജരം തന്നിലെ കുഞ്ഞുകിളികളു-
മൊന്നിച്ചു സമ്മോദം പാടും.

൯.

പാപികൾ നിന്നിൽ ചുരത്തുന്ന കണ്ണുനീർ
പാടിഞങ്ങളുണക്കീടാം.
പാവനമാം തവവ്യക്തിവിലാസങ്ങൾ
പാടിയെങ്ങും പരത്തീടാം.
പാരമങ്ങിൽ നിന്നകന്നീടുവോരുമ-
പ്പാട്ടുകേട്ടാലടുത്തീടും.

10

പിന്നെയൊരുദിനം, മന്നവ! നിൻവിളി-
യൊന്നുകേട്ടാലുടൻതന്നെ
പഞ്ജരം വിട്ടഹോ ഞങ്ങളെല്ലാവരു-
മൊന്നുപോൽപറന്നീടും.
പാർത്തലംവിട്ടുയർന്നേററം വിദൂരത്തി—
ലെത്തിടും നിത്യനിവാസേ;
മിന്നിത്തിളങ്ങുന്ന വാനോർ ഗണങ്ങളോ-
ടൊന്നിച്ചു ഞങ്ങളും ചേരും,
മാനവരാരും ശ്രവിക്കാത്തനിൻ സ്തുതി-
ഗാനങ്ങളെന്നെന്നും പാടും.

വി. കൊച്ചുത്രേസ്യാ (25 ഡിസംബർ 1896)

വിവ. ഫാ. ഹെർമ്മൻ O. C. D.



# സക്രാരിയിൽ

വെളുത്തൊരപ്പത്തിലൊതുങ്ങിയീശോ,
പെരുത്തനിന്ദയ്ക്കടിപെട്ടപോലെ
കനത്തരാഗത്തിലെരിഞ്ഞുനീയാം—
മിനുത്ത കാസക്കകത്തെ വസിപ്പൂ.

തികഞ്ഞരാവും പകലും നിതാന്തം
കവിഞ്ഞ കാരുണ്യ, മശ്രുധിയാലെ
ഉലഞ്ഞൊരീജീവനിലല്പമല്ലാ—
തലിഞ്ഞു നീയങ്ങു പൊഴിച്ചിടുന്നു.

മെനയ്ക്കു മോദാലൊരു വാക്കിലെല്ലാം
നിനയ്ക്കുമെന്നാലുരുവാക്കുവോനെ,
എനിക്കുമെല്ലാമനുജർക്കുമായി
നിലയ്ക്കു ഹാ! താഴ്മവരുത്തിയോൻ നീ.

നിനക്കു നൽസ്വസ്തി പുകഴ്ചയെല്ലാം
നിറഞ്ഞ സ്നേഹത്തൊടിതാ തരുന്നു:
നിരന്തരം ഹാ! നരപാപഭാരാൽ,
നിറന്നതിൽ ഏറ്റു തകർന്നുവല്ലോ.

നിർമ്മായമായ് നിർമ്മല രൂപനായ് നീ
നിർജ്ജീവ സക്രാരിയതിൽ വസിപ്പൂ!
നിർദ്ദോഷിയാണെങ്കിലുമേകനായി
നിരന്തകാരാലയബന്ദിയെപ്പോൽ.

വിഷാദവേഗത്തിലമർന്നിടുന്നോർ
നിന്നെ നിതാന്തം ശരണീകരിച്ചാൽ
അമന്ദമായ് ദാനമവർക്കു മോദാൽ
നീയേകുമെന്നൊന്നതെനിക്കനൂനം!

ഈ മന്നിലീരീതിയിനൽകിലോകം
മായുന്ന കാലം വരെയും നിതാന്തം
നിത്യം വസിപ്പാൻ മമ നാഥ നിന്നെ
സത്യം! നയിക്കുന്നതു പ്രേമമൊന്നാം.

പുരോഹിതൻ തൻ കർമാഗ്ര്യമെന്നും
നരാന്തരംഗേയെഴുന്നള്ളി മോദാൽ
നിതാന്തരക്ഷാമൃളപാകിടുമ്പോ–
ളവാച്യമല്ലോ നരശാന്തിയോർക്കിൽ!

സർവ്വേശപുത്രാ, മമ സ്നേഹനാഥ!,
സക്രാരിയിൽ വാഴ്ക നിറഞ്ഞസ്നേഹാൽ
മർത്യൻ പിഴച്ചീടുകിലായതെല്ലാം
സത്യസ്വരൂപാ! സദയം ക്ഷമിക്കു.

സന്ദർശനത്താൽ തവഹൃത്തടത്തെ
സമാശ്വസിപ്പിച്ചതിലേറെനേരം
ഉരംത്തിങ്ങു മുന്മേഷ മണച്ചിരിപ്പാൻ
ഒത്തെന്നുവന്നാലതുതന്നെ ഭാഗ്യം.

മാലാഖമാരായിരമോടുചേർന്നും
മാലിന്യഹീനർ സുമനസ്സരൊത്തും
ആരാധനാശ്ലായണയുന്ന സ്നേഹ—
വാരാനിധേ! നിൻ പദസീമ ഭക്ത്യാ.

റവ: ബ്ര: ഹഡ്രിയാൻ C. M. I.

# Canticle of Mystic Union

( A Poulain S. J. )

( കേക )

നിന്നെയാസ്വാദിക്കുവോൻ യേശുവേ! കൊതിക്കുന്നു
മാന്ദ്യമാററാളും ക്ഷുത്താൽ വീണ്ടുമാസ്വാദിക്കുവാൻ
അങ്ങയെ പാനം ചെയ്യും പാവനർ മോഹിക്കുന്നു.
തുംഗമാം പിപാസയാൽ പിന്നെയും പാനം ചെയ്വാൻ.
നിന്തിരുഹൃദയത്തെ മാറണയ്ക്കുവാനെന്നും
വെമ്പിനില്ക്കുന്നോരാശാനാളം കെട്ടടങ്ങില്ല.

2

അല്ലതുമാത്രമല്ലാഹൃത്തടം പൂകിടുവാൻ
നല്ലവനീശോ നമ്മെ സന്തതം വിളിക്കുന്നു!
ദൈവതം തുളുമ്പുമാസ്നേഹത്തിന്നഗാധമാം
ഗേഹം കാണുകിൽ നിത്യഭാഗ്യം തെളിഞ്ഞു നമ്മിൽ!
ഗാത്രബന്ധം ഗണിക്കാതവ്വിയൻ മണ്ഡലത്തിൽ
സ്വച്ഛന്ദം പറന്നോറാനെന്നാത്മം കൊതിക്കുന്നു.

3

യേശുവേ! നീ എൻ ജീവൻ, ദാഹിക്കുമെന്നാത്മാവിൻ
ഗൂഢമാമാവശ്യവും നീതാനെന്നതു സത്യം
തെല്ലുമന്നാളിൽ നിന്നെ ഞാനറിഞ്ഞില്ലെന്നാലും
വല്ലഭനങ്ങെമാത്രം തേടിയെന്നാത്മംനിത്യം.
അന്നു നിൻ ദിവ്യസ്ഥാനമെന്നുമായെന്റേതാക-
മുന്നതാകാശത്തിലേയ്ക്കെന്നെയാനയിച്ചഹോ!

4

കഷ്ടം! മാക്ഷണമിപ്പോഠം വിട്ടുപോയ്; രൂപംമാറി,
ശിഷ്ടമാമാടപ്രാവോ, ഭ്രമണയ്ക്കുന്നു വീണ്ടും
സ്നേഹത്തിൻ. സഹനത്തിൻ, നല്ലിരുനാളങ്ങളാം താൻ
ഏതന്നാത്മാവിങ്കൽ പ്രോജ്ജ്വല ദീപങ്ങളായ്
ഇല്ലിവാംക്കൊന്നുമില്ലായിന്നിനിനേടീടാനായ്
വല്ലതുമാന്തരീക സൌഭഗം ചേർത്തീടാനായ്!-

5

നിന്നെയാസ്വാദിക്കുവോൻ ഏശുവേ! കൊതിക്കുന്നു
മാന്ദ്യമററാളും ക്ഷുത്താൽ വീണ്ടുമാസ്വാദിക്കുവാൻ
അങ്ങയെ പാനം ചെയ്യാൻ സന്തതം മോഹിക്കുന്നു
തുംഗമാം പിപാസയാൽ പിന്നെയും പാനം ചെയ്യാൻ
തൻ പ്രാണപ്രിയൻ തൻെറ ക്രൂശിതനപ്പുണരുവാൻ
വെമ്പിനില്ലുന്നൊരാശനാളും കെട്ടടങ്ങില്ല!

വിവ: ബ്രദർ ഹദ്രിയാൻ സി. എം. ഐ.

## വി: തോമ്മാശ്ലീഹായോട്

( മാരി വില്ലൊളി............ )

ത്യാഗമാനസ, ധീരസേവക, മാമുനീന്ദ്ര, മഹാഗുരോ!
മാലകററും മാർതോമ്മാശ്ലീഹായാം മാമകതാത, വാഴ്ക നീ!
ഭാരതത്തിൻെറ കോണിലീക്കൊച്ചുകേരളത്തിന്നു കാവലായ്
ആദ്യഭാരതപ്രേഷിത, ദിവ്യസ്നേഹദായക, വാഴ്ക നീ!
വൻകടൽക്കരെയിൽ, കൊടുങ്ങല്ലൂർ വന്നിറങ്ങിനിയാദ്യമായ്
ശങ്കയെന്നിയെ ക്ലേശസാഗരം പിന്നിലാക്കി സുധീരമായ്
കാടും മേടും കടന്നു പോന്നു നീ കാൽനടയായ് ഗമിച്ചുതാൻ
ഈടെഴും പരലോക പൗരത്വം നേടിഞങ്ങൾക്കുനൽകുവാൻ
യാതനയിലും വേദനയിലുമാപതിക്കാതെ നാൾക്കുനാൾ
പാവനമാകും നിൻ കരങ്ങളാൽ നേർവഴിക്കു നയിക്കണമേ,
നിൻ വരാമൃതധാരയാലേയീയെൻ വിനകളകററിയാ
സദ്ഭാവുകസീമപൂകുവാൻ നീ കനിയണേ മാമുനേ!
പാപികൾ ഞങ്ങൾ, പാവങ്ങൾ ഞങ്ങൾ കേണിടുന്നു
ദയാർഹമായ്
നിൻകൃപാമൃതമാരി ഞങ്ങളിൽ സന്തതം ചൊരിയേണമേ.



- റവ: ഫാ: എയ്മാഡ് C. M. I.

# ആരാധന

1. നിരന്നുനിന്നു ഞങ്ങളിന്നു പാടിടുന്നു ദൈവമേ!
നിരന്തരം നിനക്കു പുണ്യകീർത്തനങ്ങളെന്നുമേ.
നിനച്ചുനിന്നനന്തനന്മ, നീതിസാര സർവ്വമേ,
നിതാന്തമായ ഗീതകങ്ങളാലപിപ്പൂ ദൈവമേ!

2. പറന്നുയർന്നു വാനിലുല്ലസിച്ചിടുന്ന പക്ഷിയും,
പതുങ്ങി ഭൂമിയിൽ ചരിച്ചിടുന്ന ജന്തുജാലവും,
പടർന്നു പന്തലിച്ചു പച്ച കാട്ടിടുന്ന വല്ലിയും,
പരക്കെ നിൻ മഹത്വമോതിടുന്നതോർക്ക ദൈവമേ!

3. പതഞ്ഞു പാലുപോലെ, പാഞ്ഞുപോയിടുന്നൊരാറതും,
പരന്നു താനുയർന്നു പൊന്തിടുന്നൊരാഴി വീചിയും,
പതച്ചു പാരമാഴിയിൽക്കഴിച്ചിടുന്ന മത്സ്യവും,
പവിത്രമോർക്കിലോതിടുന്നതേ പുകഴ്ച ദൈവമേ!

4. അനക്കമൊട്ടുമേശിടാതെയുജ്ജ്വലിക്കുമർക്കനും,
അനുഷ്ണരശ്മിരാത്രിയിൽ പൊഴിച്ചിടുന്ന ചന്ദ്രനും,
കനത്ത ഭൂതി കാഴ്ചവെച്ചു ഭക്തരത്നഗർഭയും,
വണക്കമോതിടുന്നു തേ നിരന്തമായി ദൈവമേ!

5. ഉയർന്ന വാനിലെങ്ങുമുള്ള ചാരുതാരകങ്ങളും,
വിടർന്നു ഭൂമിയിൽ ലസിക്കുമായിരം സുമങ്ങളും,
നികന്ന ഭംഗിയാർന്നൊതുങ്ങിനിന്നിടും ഗ്രഹങ്ങളും,
കലർന്നുചേർന്നു നിൻ മഹത്വമാലപിപ്പു ദൈവമേ!

6. വരങ്ങളാലലംകൃതാഭമാർന്ന മോക്ഷവാസികൾ
വണങ്ങിനിന്നെയാദരിച്ചിടുന്നു മുക്തിമാർഗ്ഗമേ!
വരം ഭുജിച്ചു നിന്റെയന്തികത്തിരുന്നു സന്തതം
അനുപദ്രുതരായിരങ്ങളുല്ലസിപ്പു ദൈവമേ!

7. സമസ്തസൃഷ്ടിജാലവും സരിത്തുപോലെ വന്ദനം
സമർത്ഥമായൊഴുക്കിടുന്നു നിന്നിലേക്കു ദൈവമേ!
അണഞ്ഞിടാത്ത മോദമോടടുത്തു ഞാനുമങ്ങയെ
നമിപ്പൂ, ഞാൻ നമിപ്പൂ; നീ നയിക്കയെന്നെ ദൈവമേ!

ബ്ര: ഹദ്രിയാൻ സി.എം.ഐ.

# പ്രേമാർച്ചനയിലൂടെ

(മലയപ്പുലയനാ............)

അമലപ്രതോഷമേ, അതുലപ്രഭാതമേ
അവികലസായൂജ്യസൗഭാഗ്യമേ.
പരിശുദ്ധിതന്നുടെ പരിമളംതൂകുന്ന
പരിപൂതപ്രേമത്തിന്നർച്ചനയാൽ
അനഘമഹത്വപ്രകാണ്ഡമാമീശൻനി-
ന്നകതാരിന്നാരോമൽ കാന്തനായി.
അഴകിന്റെയാകാരം അതിരററസൗന്ദര്യം
അതുതന്നെവത്സേ, നിൻപ്രേമനാഥൻ
ചുട്ടരക്തധാരതന്നന്ത്യകാണുംവരെ
പ്രണയത്തിൻവേദന മേകിദയാനാം
ഗുണമേറും നാഥന്നിണയായിത്തീർന്നതിൽ
ഗുണവതീ, നീഭാഗ്യപൂർണ്ണതന്നെ
നിനവുകൾക്കപ്പുറം നിയതിനിർമ്മിച്ചൊരി-
നിലയററനിൻവിധി ഭാഗ്യമല്ലോ.
പരിചാര്യനാകുമാപങ്കജ നാഥനെ
പരിതോഷാൽ സേവിക്കുപത്മമേ, നീ,
പരമപ്രഭാവനാം പരലോകനാഥൻ നിൻ
പരിശുദ്ധപ്രേമത്തിൻ നാഥനുംതാൻ.

മഴവില്ലിന്നൊളിവീശും മരതകമാണിക്യ-
മധുരിമനാഥൻ നിനക്കുനല്കും.
മനതാരിൽവച്ചെന്നും മലിവോടെ ലാളിക്കും.
മലരായ്നിന്നെ താൻകാത്തുകൊള്ളും.
അബലയാംനിന്നെത്തൻ സഖിയായ്‌വരിച്ചോനാം
സകലേശനെന്തെന്തു സാദ്ധ്യമല്ല?
അഖിലപ്രതാപനാമഖിലേശനിന്നുനി-
ന്നകതാരിന്നാരോമൽ കാന്തനല്ലേ?

മഹിതമായ്ത്തോന്നുന്ന സർവ്വംവെടിഞ്ഞു നീ
മലരേ, നിൻനാഥനെത്തേടിയാലും!
അനുപമനന്മയാമഖിലേശനന്നേരം
അനുരാഗംഹൃത്താരിൽ വാരിവീശും.
അതുകൊണ്ടടങ്ങാത്ത വീറോടെമുന്നേറി
ഇരുളിൻെറനാഥനെ തോല്പിച്ചാലും!
വിമലാഭവീശുന്ന വിശ്വേശനിന്നുനിൻ
വിലയുററവല്ലഭനായതിനാൽ.
ഇരുളിൻെറ പാറാവിന്നിരയായിത്തീർന്നുകൊ–
ണ്ടിരവിൻെറ സന്താനം വീണിടേണം.

(ഹാ: ജെ. വടക്കേത്തല, C. M. I.

## പടഹധ്വനി

(ഗുണമേറും ഭർത്താവേ........)

കുരിശാംപതാകതൻ കീഴിലെന്നും
പരിതോഷാൽ പോരാട്ടും ധീരന്മാരെ,
ഉറങ്ങേണ്ട, ആശ്വാസപ്രീതിവേണ്ട
പുരുശാന്തിയിങ്ങൊന്നു മില്ലതെല്ലും.
കുരിശിൽ കേഴുന്നു ദിവ്യനാഥൻ
ചുടുരക്തംചിന്തുവാൻ സ്നേഹരൂപൻ.
അവിട്ടത്തെപ്പൂമ്പാദ പുണ്യതാരം
അതുതന്നെ നിൻമാർഗ്ഗദീപമെന്നും
വിമലേശൻ വിശ്വത്തിൽ ചെയ്തപോരിൻ
വിജയങ്ങാം തോരാതെ ചേർത്തുമന്നിൽ
അലസനായ് തീരേണ്ടതെല്ലപോലും
അഖിലേശനിങ്ങേതുംവാസമില്ല

അതിരററൊരാശയാൽ പ്രേമനാഥൻ
അതുലമാം ത്യാഗം വരിച്ചിട്ടുന്നു
അണയാത്ത കാന്തിജഗത്തിനേകാൻ
അണയുന്നു ക്രൂശിൽ ഹാ! ദിവ്യസൂര്യൻ
വിപുലമാം നാശങ്ങൾ ദൂരെയാകും
വിജയമേ, നീതന്നെ വിശ്വഭാഗ്യം.
ഉറങ്ങേണ്ട, ആശ്വാസപ്രീതിവേണ്ട,
പുരുശാന്തിയിങ്ങൊന്നുമില്ലതെല്ലും.

വിഷമത്തിൽ ഭീരുവായ് പോകവേണ്ട,
വിജയത്തിലാശ ത്യജിക്കവേണ്ട
തളരാതെ ത്യാഗത്തിന്നാഴിയിൽ നീ
തുഴയൂ നിൻജീവൻെറ കൊച്ചുതോണി
തുനിവാലെ നാശം ഭവിച്ചിടായ്വാൻ
തുണയേകാനർത്ഥിക്കങ്ങീശനോടായ്
അഭിമത നായകനേശു നമ്മൾ-
ക്കവസാന സമ്മാനമായ് ഭവിക്കും.
അലസനായ്ത്തീരേണ്ട തെല്ലുപോലും
അകതാരിൽ ശാന്തിയതിത്രയില്ല.

മലിനതയേശാതെ നമ്മളെല്ലാം
മരണത്തിൻ മാലററൊരച്ഛനത്തിൽ
മരതകമാണിക്യ കാന്തിചിന്തും
മിശിഹാതൻ ഹവ്യമായ്ത്തീന്നിടേണം.
വിലയേറും വല്ലഭനേശുതൻെറ
മണവറ തന്നിൽ നാം ചെല്ലുമേവം.
അവിടത്തെ പൂജ്യപതാകയിൻ കീ-
ഴടരാടി മോദാൽ മുന്നോട്ടുപോകാം
ഉറങ്ങേണ്ട ഭീരുവായ് പോകവേണ്ട
പുരുശാന്തിയിങ്ങൊന്നു മില്ലതെല്ലും.

(ഫാ: ജെ. വടക്കേത്തല. C. M. I.

# ത്രീത്വസ്തുതി

"നിർമ്മലനായകനേ എന്ന" മട്ട്.

പല്ലവി

ത്രീത്വത്തിനെന്നും സ്തുതി— മഹോന്നത
ത്രീത്വത്തിനെന്നും സ്തുതി.

ചരണങ്ങൾ.

1 ആളുകൾ മൂവരാണെങ്കിലുമത്ഭുതം!
ഏകത്വമിണങ്ങിടുന്ന— മഹോന്നത
ത്രീത്വ............

2 മൂവരും ദൈവമാണെങ്കിലുമത്ഭുതം
മൂന്നില്ല ദൈവമൊന്നു— മഹോന്നത
ത്രീത്വ............

3 മൂന്നുപേരൊന്നുപോലെങ്കിലുമത്ഭുതം
ബാവായും സുതനും റൂഹാ— മഹോന്നത
ത്രീത്വ............

ഫാദർ. സൈമൺ സി. ഡി.

# — അനുതാപ കീർത്തനം* —

"അമ്മ കന്നി മണിതൻെറ" എ. മട്ട്

കേൾക്കണമെ എന്നുടെയപ്രാർത്ഥനനീ, നിൻെറപക്കൽ
എത്തിടട്ടെ ഞാൻവിടുന്ന നെടുവീർപ്പെല്ലാം.
ഞാൻ ഞെരുങ്ങും നാളതിങ്കൽ നിൻ്റെ തിരുമുഖമയ്യോ!
എന്നിൽനിന്നു നീ തിരിച്ചുകളഞ്ഞീടല്ലെ

നിന്നെഞാൻ വിളിച്ചിട്ടമ്പോൾ നിൻെറചെവിയെന്നിലേക്ക
ചായിച്ചു നീ വിരവോടെ ശ്രവിച്ചീടേണേ.
എന്തെന്നാലെൻ വാസരങ്ങൾ പുകപോലെ മാഞ്ഞുപോയി
വെന്തുപോയി അട്ടപ്പുപോലസ്ഥികളെല്ലാം.
പുല്ലുപോലെ വാടിയെൻെറ മാനസതാരുണങ്ങിപ്പോയ്
എൻെറയപ്പം ഭുജിപ്പാൻ ഞാൻ മറന്നുപോയി
എൻപ്രലാപസ്വരമതു മൂലമായി മാംസമെല്ലാം
അസ്ഥിയോടു പററിയങ്ങു പിടിച്ചുപോയി.
വനത്തിലെ കാകനോടു തുല്യനായിത്തീർന്നിതേ ഞാൻ
അരണ്യത്തിൻ മൂങ്ങയോടു സദൃശനായി.
നാൾമുഴുവൻ ശത്രുവൃന്ദം എന്നെയാക്ഷേപിച്ചുവന്നു
സ്തുതിച്ചൊരു മേനിക്കെതിരാണയിട്ടല്ലോ.
എന്തെന്നാലുയർത്തിയെന്നെ താഴ്ത്തിയോരു നിന്നുടയ
കോപവും ക്രോധവുമോർത്തിട്ടപ്പമെന്നോണം
ഭുജിച്ചുഞാൻ ക്ഷാര, പാനീയങ്ങളെല്ലാം എന്നുടയ
ബാഷ്പധാരയോടുകൂടി കലർത്തി വന്നു.
എനിക്കുള്ള ദിവസങ്ങൾ നിഴൽപോലെ മാഞ്ഞുപോയി
പുല്ലുപോലെ ഞാനുമയ്യോ ഉണങ്ങിപ്പോയി
നിന്നിടുന്നു നിരന്തരം നീയോ എന്നാൽ സർവ്വനാഥാ!
നിൻെറയോർമ്മ കാലാകാലത്തോളമാകുന്നു.
ഉയർന്നു നീ സെഹിയോന്മേൽ കരുണയാർന്നീടണമെ
ആയതിന്മേൽ കൃപചെയ്യാൻ സമയമായി

ഫാദർ, സൈമൺ, സി. ഡി.

(*102-ാം മസ്മൊറയുടെ ആദ്യഭാഗം ആണിതു്)

# ഉണ്ണിക്കുത്താവ്.*

(കേക)

വാനത്തിൻ ബഹുവിധ ശോഭയും ഗാനങ്ങളും
വാനവർഘോഷസ്തുതി പാട്ടുകൾ സ്വരങ്ങളും
കേട്ടുടനിടയരാമാട്ടുകൾ കാക്കുന്നോരും
കേട്ടൊരു സ്വരത്തിനെ സൂക്ഷിച്ചു പാക്കും വിധൌ
"ഉയരങ്ങളിൽ സ്തുതി, ധരണീവാസികൾക്കു—
യന്നു സമാധാനം സന്തോഷതൃപ്തി ശുഭം
ധരിത്രി രക്ഷാത്ഥമായ് സവ്വേശസുതനിതാ
ധരവെസലെമതിൽ പിറന്നു നരനായി
വേഗത്തിൽ പോയിത്തന്നെക്കുമ്പിട്ടാരാധിക്കുവിൻ
വെസരില്ലുഷഭങ്ങൾക്കിടയിൽ കണ്ടീടുമെ"
എന്നുള്ള പാട്ടിൻ ധ്വനികേട്ടതിനോടുകൂടെ
സുന്ദരമുഖവാന്മാർ ദേവസേവികൾ കൂട്ടം
കാണപ്പെട്ടവരുടെ ശോഭയും സ്തുതികളും
ത്രാണത്തിൻ നാഥൻ തന്റെ പിറവി വൃത്താന്തവും
ഗ്രഹിച്ച ഗോപാലന്മാരെത്രയും ശീഘ്രത്തോടെ
ഗൃഹപാലനാം പൈതൽ തന്നുടെ ചാരേച്ചെന്നു
പാത്തവർ കുമ്പിട്ടുടൻ കേട്ടവർ കണ്ടകാര്യം
പേത്തവർ കൂട്ടത്തോടും ചാർച്ചക്കാരോടും ചൊല്ലി
കേട്ടവർ ഗോപാലന്മാർ കൂട്ടമായോരോരുത്തൻ
ശ്രേഷ്ഠപാലനാം നാഥനുണ്ണിയെ കാണാൻ വന്നു.

(*ദൈവദാസനായ ചാവറ കുറിയാക്കോസച്ചൻ എഴുതിയതു്)

# ശ്രീയേശുരാജകീർത്തനം

(മഞ്ജരി)

അഞ്ജന ശ്രീയേശു ചാരുമൂർത്തേ നാഥാ
അഞ്ജലി കൂപ്പി വണങ്ങിടുന്നേൻ
ഈശോ നമോ നമോ ദേവാ നമോ നമോ
ക്ലേശഹരാ നമോ വന്ദിക്കുന്നേൻ
ആനന്ദാലങ്കാര ശ്രീയേശുനാഥനെ
ആതങ്കമാകെയകററിടേണേ.
ഇന്നീജഗത്തിന്റെ രാജനാമീശോയെ
ഇന്നെന്റെ മുന്നിൽ വിളങ്ങിടേണേ
ഈരാറു ശിഷ്യൎക്കു നായകനീശോയെ
ഈരഞ്ചുകൂപ്പിവണങ്ങിടുന്നേൻ
ഉണ്ണികുമാരകാ, മന്നരിൽ മന്നനെ
ഉള്ളത്തിൽ വന്നു വിളങ്ങിടണേ
ഊഴിയിൽ വന്നു പിറന്നൊരു നാഥനെ
ഊനമില്ലാതെന്നെ പാലിക്കണേ
എന്നുള്ളിലുള്ളൊരു താപമെല്ലാം നാഥാ
ഒന്നാകെ നീക്കി ശമിപ്പിക്കണേ.
ഏററിയ നന്മകൾ തന്നൊരു നാഥനെ
ഏററിയ മോദേന കൈതൊഴുന്നേൻ
ഐഹികമായ സുഖത്തിലഹോ നാഥാ
മോഹമെനിക്കു വരുത്തിടല്ലെ.
ഒട്ടല്ല കൗതുകമന്തരംഗേ നാഥാ
ഓമൽ തിരുമേനി ഭംഗി കാണ്മാൻ.
ഔദാര്യകോമളനായ കളേബരൻ
ഔപമ്യമില്ല ഗുണങ്ങൾക്കൊന്നും.



ഫാദർ. യൗനാൻ. O. I. C.

# കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്

(ആനത്തലയോളം എ. മ.)

1. ആദിപിതാസുതാ–ആദ്യന്തഹീനനെ!
ആരാദ്ധ്യദൈവമേ! ഉണ്ണിയീശോ!

2. ചാരുസ്വരൂപനേ! മേരീകുമാരകാ!
ആരോമൽ പൈതലേ! ഉണ്ണിയീശോ!

3. ത്രാണകനും പരി–പാലകനും മമ–
സോദരനും ഭവാ–നുണ്ണിയീശോ!

4. മാമകരാജനും–ഓമനത്തോഴനും
ആരോമലേശുവെ–അങ്ങുതന്നെ

5. ലീലാകുതുകനായ്–ചാലെനീയോടിയെൻ
ചാരെവരികയെ–ന്നുണ്ണിയീശോ!

6. അമ്മാനമാട്ടുവാൻ–പന്തായിട്ടെന്നെഞാൻ
നിൻചാരുകൈകളിൽ–തന്നുകൊള്ളാം

7. ആശയടക്കങ്ങളാം–ധാരാളം ചെയ്തുഞാൻ
പാലും പഴങ്ങളും കാഴ്ചവെയ്ക്കാം.

8. വാ! വാ! യെന്നുള്ളിലെൻ–സ്നേഹം മുഴുവനായ്
തോഴാനിനക്കു ഞാൻ–തന്നുകൊള്ളാം.

9. ആരാദ്ധ്യനായി നീ–വാഴും സക്രാരിപോൽ
ആകാനെൻമാനസം–നീ തുണയ്ക്ക.

10. ആരാധനാസ്തുതി–യർപ്പണം ചെയ്തിടാം
ആയതിൽ നിത്യവും–നിൻ സവിധേ.

11. രാജസിംഹാസനം–മാനസവേദിയിൽ
മാനമായ് ഞാൻ സദാ–കാത്തുകൊള്ളാം

12. ശാന്തതാശീലവും–സ്നേഹം വിനയവും
പാലിച്ചാവേദിഞാൻ–കേമമാക്കാം

13. പുണ്യകൃത്യങ്ങളാൽ–പൂമഞ്ചം തീർത്തിടാം
പൂമേനിയായതിൽ–ചാച്ചുറങ്ങാം
14. കർത്തവ്യമാകെ ഞാൻ–കൃത്യമായ് ചെയ്യോരു
പട്ടുതലയിണ–യാക്കി നൽകാം.
15. സ്നേഹഗാനങ്ങളാൽ–താലോലം പാടി ഞാൻ
സ്നേഹനിലയന–ങ്ങേയുറക്കാം
16. പ്രാർത്ഥനയാലെ ഞാൻ–പൂമ്പട്ടുനെയ്തുനൽ
കുപ്പായം കേമമായ്–തീർത്തുനൽകാം
17. പ്രായശ്ചിത്തങ്ങളും–ചാലവെ ചെയ്തു ഞാൻ
ചേലാർന്നപാദുകം–ചാർത്തിടാം തേ.
18. ത്യാഗത്താൽ തീർത്തനൽ–തങ്കത്തനിനിറ–
കങ്കണം കൈകളിൽ–ചാർത്തിടാം തേ.
19 ആരോമൽ കൈവിര–ലാകെ യണിഞ്ഞിടാൻ
മോതിരം വേലയാൽ–തീർത്തിടാം ഞാൻ.
20. പുഞ്ചിരി പൂശിയെൻ–ക്ലേശം മറച്ചുഞാൻ
നിൻതിരുമാറ്റിലും-ഭൂഷ ചാർത്താം.
21. മുള്ളുകളേല്ക്കിലും–പൂക്കളിറുത്തുഞാൻ
പൂമാലനിത്യവും–കോർത്തുനൽകാം.
22. ആജ്ഞാനുവർത്തന–മാകും ചെങ്കോലതും
നിൻചാരുകൈകളിലേകിടാം ഞാൻ
23. ഞാനെന്ന ഭാവംഞാൻ–പാടെതകർത്തോരു
മോഹനപ്പൊൻമുടി–ചാർത്തിടാം തേ!
24. വാ! വാ! യെൻരാജനേ! ഓമനത്തോഴനേ!
വാ! വാ! യെൻമാനസേ–വാഴ്കയെന്നും.

(റവ. സിസ്റ്റർ മേരി ആഞ്ജസ്, ബി. എ, എൽ. ററി.)

# വീരാസ്തമയം

(കേക)

(വിശുദ്ധ ഫ്രാൻസീസ് സേവ്യറുടെ മരണത്തെക്കുറിച്ച്)

നിശ്ചലംജ്വലിക്കുന്ന പുലരിപ്പൊൽത്താരത്തിൻ
കൊച്ചുതൂവെള്ളത്തിരി കൈകളിൽ പിടിച്ചിതാ
മന്ദമായടിക്കുന്നോരുഷസ്സിന്നിളം കാററി
ലന്തിമശ്വാസം വലിച്ചീടുന്നു നിശീഥിനി
പാതിരാപ്പൂക്കൾ വാടിക്കൊഴിഞ്ഞു നിശ്ശബ്ദമാ-
പ്രേതമഞ്ചത്തിൻ ചുററുംചെയ്യുന്നു പുഷ്പാർച്ചന
അകലെക്കിഴക്കൊരു വെള്ളയാം ശവക്കച്ച-
യഴകിൽ വിശുദ്ധിതൻ ചിഹ്നമായ് വിരിക്കുന്നു.
അങ്ങതാസ്സുദീർഘമാം നാടകമൊന്നിന്നന്ത്യ
രംഗത്തിൽ ദൃക്സാക്ഷിത്വം വഹിപ്പൂ "കാന്റൺ"ദ്വീപം.

താന്തനായൊരു കൊച്ചുകുടിലിൽ ശയിക്കുന്നു
ശാന്തമാം കടൽപോലെയൊരു മാനവൻദിവ്യൻ
ഇന്ത്യയിൽ സ്വർഗ്ഗീയമാം സാമ്രാജ്യം പരത്തുവാൻ
രണ്ടാമതണഞ്ഞുള്ളോരപ്പസ്തോലനീ വന്ദ്യൻ
ചീനദേശത്തും തന്റെ ദൗത്യമേകുവാൻദീർഘ-
യാനമൊന്നിപ്പോൾ കഴിച്ചെത്തിയ താണീദ്വീപിൽ.
അത്തുറമുഖത്തുതൻ കപ്പലെത്തിടുംമുമ്പേ
മൃത്യുവിൻകടവിലായ് സേവ്യറിൻ ജീവനൗക
മററൊരാൾ തുണയ്ക്കില്ല ചാരത്ത്; ചീനക്കാര-
നറ്റസേവകനാകുമന്തോണിയോവല്ലാതെ.

ദേഹത്തിൽ ജ്വരപ്പനി വർദ്ധിച്ചു ദിനംപ്രതി
ദേഹിയിൽ ദൈവസ്നേഹച്ചൂടുമങ്ങനെ തന്നെ
വീരന്മാർക്കലങ്കാരമായ ക്രൂശിതരൂപം
മാറിൽച്ചേർത്തനങ്ങാതെ കിടന്നാപ്പരിക്ഷീണൻ

കുഞ്ഞിനെയംസത്തിൽ ചേർത്തുറക്കാനൊരു മാതാ-
വെന്നപോൽ മന്ദം മന്ദം മരണം സമീപിച്ചു.
ആമുറിക്കകമെല്ലാം തിളങ്ങിയലൗകിക-
പ്രേമത്തിൻ പ്രഭാപൂരംകൊണ്ടു തിങ്ങിയപോലെ
ഹൃത്തടംപൊട്ടിക്കരഞ്ഞരികത്തെത്തി തോഴൻ
കൈത്തിരി കത്തിച്ചുടൻ നല്കിയക്കരതാരിൽ.
വിണ്ണിനുനേരെവീണ്ടും തുറന്നാവിശുദ്ധൻെറ
കണ്ണുകൾ, ഏതോദിവ്യദർശനം കണ്ടിട്ടാവാം.
"സ്വന്തമാത്മാവിൻ നാശകാരണമതെന്നാകി-
ലെന്തുതാൻ പ്രയോജനം പാരാകെ നേടീടിലും"
ഇന്നുമാച്ചോദ്യം കണ്ണിൻമുന്നിൽ നില്പതുണ്ടാവാ-
മില്ലെങ്കിൽക്കണ്ണുകളിൽ മുഴങ്ങിക്കേൾക്കുന്നുണ്ടാം.
മെല്ലെയച്ചുണ്ടൊന്നവംമന്ത്രിച്ചു: "നിനക്കായ് ഞാൻ
വല്ലഭാനേടീടിനേൻ ലോകവുമെന്നാത്മാവും.
ഇല്ലമേവിഷാദമച്ചീനയിൽ നിൻസന്ദേശം
ചൊല്ലുവാനൊക്കാഞ്ഞതിൽ; നിന്നിഷ്ടമതാണല്ലോ.
സർവ്വവുമിപ്പോളെൻെറ ജീവിതംപോലും ഹാ ഞാൻ
സന്ത്യജിച്ചേക്കാമെനിക്കാത്മാക്കളത്രേവേണ്ടു,
നിന്നന്ത്യദാഹത്തിൻെറ ഭാഗഭാക്കായിടുവാൻ
തന്നുനീ ഭാഗ്യംനാഥ! ഞാനതിൽ ചരിതാർത്ഥൻ.
ഇന്ത്യ! യെൻ പ്രിയയിന്ത്യ!! സെന്തോമസേ നിൻദീപം
സന്തതം ജ്വലിപ്പിച്ചപോന്നു ഞാനാ ഭൂമിയിൽ
ആദീപം ദിനംതോറുമാളിക്കത്തുവാൻ നിൻെറ
കാരുണ്യമതിൽ പകന്നീടണം മേന്മേലൊന്നും
യേശുവേ! ജീവേശ്വര! നീയെനിക്കായിത്തന്ന-
താകവേതിരിച്ചങ്ങേ കൈകളിലേല്പിക്കുന്നു".
ആപ്രഭാസമുദ്രമൊന്നുലഞ്ഞു; നയനങ്ങൾ
ദീപ്തമായനന്തരമടഞ്ഞു മുകുളംപോൽ
കൊത്തിവച്ചൊരു ശിലാവിഗ്രഹംപോലേ നില്പൂ
സ്തബ്ധനായന്തോണിയോവിതികൃത്യതാമൂഢൻ.

മുകളിലടുത്തായിവന്നു നിന്നിതു വെള്ള
മുകിലിൻകൂട്ടം വെള്ളിവെളിച്ചം ചുററം വീശി
ആമേഘവിമാനത്തിലേശുനാഥനോടൊത്തു
തോമസപ്പസ്തോലനും വന്നിരിക്കണം നൂനം!!!

ശ്രീ മാത്യൂ ഉലകംതറ M. A.

# കെടാവിളക്ക്.

(പള്ളിയിലെ കെടാവിളക്കിനോടുള്ള ഒരാത്മഭാഷണം)

(പാന)

എൻകരളിൻ മധുരസ്വപ്നങ്ങളിൽ
തങ്കരേഖകൾ ചാർത്തും പ്രകാശമേ
മിന്നിനിന്നെരിയുന്ന നിന്നാനനം
നിർന്നിമേഷനായ് നോക്കി നില്ക്കുന്നുഞാൻ.

പള്ളികൊള്ളുന്നു മജ്ജീവനായകൻ
പള്ളിയിൽ ദിവ്യമാകും തടങ്കലിൽ
കുററവാളിയാം ഞാനോ പലപ്പൊഴും
തെററിമാറിയൊളിച്ചു നടക്കുന്നു
കണ്ടകങ്ങളാൽ വിണ്ട തിരുത്തല
യിണ്ടൽകൊണ്ടു പിടഞ്ഞു വിതുമ്പവേ
കുന്തമേററുപിളർന്ന തൻഹൃത്തടം
നൊന്തു നൊന്തു നിണമൊലിച്ചീടവേ
ആണിവച്ചു തുളച്ചതൻ ദിവ്യമാം
പാണിയെന്നെപ്പുണരുവാൻ നീളവേ
ജീവിതോത്സവ മാസ്വദിച്ചന്ധനായ്
ഹാ! വിരഞ്ഞു നടക്കയാണിങ്ങുഞാൻ
........പൂങ്കുയിലുകൾ കൂവുന്ന വാടിയിൽ;
തേൻകുളിർമഴ പെയ്യുന്നു പൂവുകൾ;

നൃത്തമാടുന്നു സാഗരവക്ഷസ്സിൽ
മത്തടിച്ചു മറിയും തിരനിര.
വീണമീട്ടിയും ഗാനങ്ങൾ മൂളിയും
പ്രീണനം ചെയ്തു പായുന്നു മാരുതൻ
എങ്ങനെയിവയ്ക്കുള്ളിലെൻ നാഥൻെറ
വിങ്ങലുകളെൻ കാതിലണഞ്ഞിടും
........പാഞ്ഞിടും ജീവിതാശ ത്തിലേറിഞാൻ–
നാഞ്ഞുമുന്നോട്ടു നീങ്ങുന്നവേളയിൽ
ദൂരെദേവാലയത്തിലിരുട്ടറ–
പ്പേടകത്തിലിരിപ്പിതെൻ നായകൻ.
പൊങ്ങിയാളാൻ കൊതിക്കാതെ വാതില്ക്കൽ
മങ്ങിനിന്നെരിയുന്നു നീ ദീപമേ.
ഉഗ്രമായ് ജീവിതാഹവ വാരിധി
ചക്രവാളം കലുക്കിയലറവേ
ശബ്ദമില്ലാതനങ്ങാതെ നിന്നുനീ-
യബ്ദകങ്ങളെപ്പിന്നോട്ടു തള്ളുന്നു
ഉച്ചിയിൽനിന്നു ജീവിത ഭാസ്കര–
നുജ്വലൽ തീ വെളിച്ചം വിതറവേ
ദീപ്തിതൻ നാഥനാശ്വാസമേകുവാൻ
നേർത്തനിൻ നാളംമാത്രം ശ്രമിക്കുന്നു.
അന്ധകാരം പടന്നു ജഗത്തിൻെറ
സ്പന്ദനങ്ങൾ നിലയ്ക്കുന്നവേളയിൽ
അന്തമില്ലാത്ത നിൻതപം കൊണ്ടു നീ
സന്തതം ഭജിച്ചീടുന്നു ഭൂവിനായ്
മാറിമാറി ദിനങ്ങൾ രാത്രങ്ങളും
പാരിലെത്തിപ്പിരിഞ്ഞു പോകുമ്പൊഴും
വഷ്ഹേമന്തശാരദ കാലങ്ങൾ
ഹഷ്മോടെകടന്നു പോകുമ്പൊഴും
നിഷ്ഠതെററാതൊരേവിധം നിന്നിദം
കത്തുവാനാരുനിന്നെ പ്പഠിപ്പിച്ചു?

ആരുനിന്നെപ്പഠിപ്പിച്ചു ജീവിതം
ധീരമാംബലിയാക്കിപ്പകുത്തുവാൻ.
"ആർ പഠിപ്പിച്ചുവെന്നോ, മായനാ
മീമനുഷ്യൻെറ ചോദ്യം" — ചിരിപ്പുനീ
നിത്യമായ് സ്നേഹബന്ധനം സ്വീകരി–
ച്ചത്തലാഴിയിൽ താണുതുടിച്ചവൻ;
സ്നേഹത്തിൻെറ ബലിയാക്കി ജീവനെ
സ്നേഹിതന്മാർക്കു പങ്കിട്ടുനല്കിയോൻ;
അങ്ങതാ പരിത്യക്തനായ്, ക്രൂരരാം
തിങ്ങും കാരാഗൃഹത്തിൽ ശയിക്കുന്നു.
ആമധുരഹൃദയം കൃതജ്ഞതാ–
ഹേമമേററു ഞെരങ്ങിവിങ്ങും വിധൗ
നീയിടയ്ക്കിടെ മങ്ങിയും പൊങ്ങിയും
തീയുടമ്പേ! ജ്വലിക്കുകയല്ലയോ?
എന്നുമെന്നും കെടാതെയാഹൃത്തടം–
തന്നിൽവിങ്ങുന്ന സ്നേഹാഗ്നിനിൻഗുരു.

എന്തുസേവനമെന്തൊരത്യത്ഭുത–
ബന്ധമാണുപുലത്തുന്ന തെന്നുംനീ
മാനവരുപേക്ഷിച്ചൊരനർഘമാം
മാണിക്യത്തെ നീ കാത്തു സൂക്ഷിക്കുന്നു
വാനവർവന്നതേറ്റെടുക്കുംവരെ
ധ്യാനപൂർവ്വം തുടന്നാലുമിത്തൊഴിൽ.
കാറ്റനങ്ങിയാൽ കെട്ടുപോം ദുർബ്ബല
ഗാത്രനാം നിൻെറ വീര്യം സ്മരിക്കവേ
ലജ്ജിക്കുന്നു ഞാനെന്തെന്തുശക്തിക–
ളച്ചിദാത്മനെനിക്കേകി നിഷ്ഫലം!!!

(ശ്രീമാത്യൂ ഉലകംതറ M. A.)

# എൻെറ അഭയകേന്ദ്രം

(നീലക്കാർമുകിൽ........)

സ്നേഹസാമ്രാജ്യതാരമാം തായേ!
പാരിന്നാലംബമേകിയ നാഥേ!
ഓടിനിന്നിലണഞ്ഞൊരു നേരം
പേടിയോടിയകന്നെന്നിൽനിന്നും
വാടിവാടിക്കുഴയുമിപ്പാപി
തേടിത്തേടിനടക്കുന്നു ശാന്തി
ശോകഹാരിണിമേരി നിയ്യാണെ-
ന്നേകാലംബമാം ശാന്തിതൻ കോവിൽ!!
അമ്മേ, യമ്മേ, യെന്നാർത്തു വിളിച്ചു
വിമ്മി വിമ്മിക്കരയു മിക്കുഞ്ഞിൻ
വന്മാലാകെയകലുന്നു തായേ,-
നിന്നോമൽത്തിരുനാമത്താലെന്നും!
നൂണുനൂണുവന്നെത്തും നിരാശാ-
നീർച്ചുഴികളിൽ മുങ്ങിവലഞ്ഞും
അല്ലലായിരമാഞ്ഞടിച്ചെന്നെ
വല്ലാതിലട്ടിച്ചീടിലുമംബേ,
എല്ലാമെല്ലാമീ മന്നിലെന്നെന്നും
സ്വർല്ലോകാംബികെ, നിൻ പാദമത്രെ!

പോൾ മാധവൻനായർ.

# ഉദയതാരക

(പാന)

പൊന്നുഷസ്സിൽ തെളിയുന്ന താരപോൽ
മിന്നിനില്ക്കുന്നു വിണ്ണിലെന്നംബിക
ഹേമരേഖയണിഞ്ഞ വെണ്മേഘങ്ങൾ
പ്രേമപൂർവ്വമകമ്പടി നില്ക്കുന്നു.
മഞ്ജുഗീതംപൊഴിച്ചു പറക്കുന്നു
തൻചുഴലവും വാനവഗായകർ.

നിത്യഭാസുരയാം ദിവ്യതാരകേ
മർത്ത്യരിൽ നിന്നുയർന്ന സുരാംഗനേ
ഇക്ഷിതിയെച്ചമയ്ക്കുന്നതിൻമുമ്പേ
സൃഷ്ടിചെയ്തുഹാ! നിന്നെപ്പരാപരൻ
വിശ്വനായകൻ തൻദിവ്യഭാവന
മെച്ചമായ്ച്ചെയ്ത സങ്കല്പമാണുനീ
ചേവടിത്തളിരാശ്രയിച്ചങ്ങനെ
മേവിടുന്നയശോവിധുബിംബവും
രശ്മികൾകൊണ്ടു നെയ്തോരുവസ്ത്രവും
വിസ്മയനീയമാം മുഖചന്ദ്രനും
കാരുണ്യത്തിലനന്ത സ്നേഹംചേർന്നു
ഭൂരിശോഭവഹിക്കും മിഴികളും
രക്തസാക്ഷികൾക്കുന്മേഷമേകുവാൻ
രക്തപുഷ്പം വിരിയുംകപോലവും
ലോകസൃഷ്ടിക്കുമുമ്പുതൻ ദിവ്യമാം
ഭാവനയിൽ തെളിഞ്ഞുകണ്ടീടവേ
ഈശ്വരനും മുഴുകിയിരിക്കണം
ആശ്ചര്യാനന്ദ സംഭ്രമവാരിധിയിൽ.
തിന്മയെത്താൻ പൊറുക്കുന്നതൊക്കെയീ
നന്മപൂർണ്ണയെ യോർത്തായിരിക്കണം.

ആ മഹിത ജനിയ്ക്കും നരകുലം
ജീവനേകിയും വീണ്ടെടുത്തീടുവാൻ
മാനവരൂപം പൂണ്ടുപരാപര–
സൂനുവെന്നതിലത്ഭുത മെന്തുള്ളൂ?

കാന്തിപൂരവം വിതറിജ്ജഗത്തിനു
ശാന്തിചിന്തിയതാരകം മിന്നുന്നു
ശുദ്ധതയൊരുടലെടുത്തുള്ളപോൽ
നിത്യകന്യയെന്നംബിക വാഴുന്നു.
തൃക്കുമാരന്റെ പാർശ്വത്തിരുന്നവൾ
ഇക്ഷിതിയിൽ പൊഴിപ്പൂകൃപാമഴ
പൊന്നുഷസ്സിൽ തെളിയുന്നതാരപോൽ
മിന്നിനില്ക്കുന്നു വിണ്ണിലെന്നംബിക
ആനമിക്കുശിരസ്സാത്തിരുമുന്നിൽ
പാണിപത്മങ്ങൾ കൂപ്പുമനുജരേ.

1952 സെപ്തം: 8
(സത്യദീപം)
ശ്രീ മാത്യു ഉലകംതറ M A.

## * മേരിസ്തവം.

തവപദാംബുജ സേവവെടിഞ്ഞിടു–
ന്നവനു സൌഖ്യമതില്ലൊരു ലേശവും
ഭുവനദേവി! തവാക്ഷികളെന്റെ മേൽ
നിവരണേ! വരണേ വരസൗഖ്യവും.

*ജോസഫ് മുണ്ടശ്ശേരി 1922 ഫെബ്രുവരിയിൽ കർമ്മലകുസുമത്തിൽ എഴുതിയ ഒരു പദ്യലേഖനത്തിൽ നിന്നു്.

# അൾത്താരയിലെ പുഷ്പം.

DHARMARAM COLLEGE LIBRARY
34652
BANGALORE.

(ഗുണമേറും.................)

മധുരമായ് ത്തുമന്ദഹാസമെങ്ങും
വിതറിയൾത്താരയ്ക്കു മോടികൂട്ടും
അഴകോലും പൂവേ, നിൻ കാഴ്ചയെന്നിൽ
പലഭാവം മേന്മേലണച്ചിടുന്നു.

ചെറുമൊട്ടായാദ്യം ഞാൻ കണ്ടുനിന്നെ
നിറമേറിപ്പിന്നെ സൗരഭ്യമേറി
പുലരിയിൽ പൂവാടിത്തെന്നലിൽപ്പൂം—
തിലകമായ് ചേലിൽ വിടർന്നുയർന്നു.

യുവകാലം വന്നുതലോടി വേഗം
നവകാന്തിയാർന്നു മുഖം മിനുങ്ങി
എവിടന്നോപെട്ടെന്നണഞ്ഞു മുമ്പിൽ
ചെറുസംഘം നിൻപ്രേമയാചകന്മാർ.

ചിലർ നിന്റെ ലാവണ്യമാലപിച്ചു
വലയമായ് നിന്നന്യരേററുപാടി
മലരേ, നീ കാരുണ്യമേതുമെന്യേ
പുരികം ചുളിച്ചൊരു നോക്കിനാലെ.

വിടരെ വിട്ടൂരെയകററിയപ്പോൾ
സ്ഫുടമായ് നിൻ ചാരിത്രമാളിമിന്നി
പലരെയും പാട്ടിൽ കുരുക്കിടുന്നാ–
വലപൊട്ടിച്ചേവം നീ വിണ്ണിലേറി.

ബലിപീഠംതന്നിൽ നാഥന്റെ പാദേ
ദലമെല്ലാം ചിന്തിമരിച്ചുകൊൾവാൻ.

ഉലകത്തിൻ മായാസന്തോഷമേതും
കലരാതെ ചാരിത്ര്യചാരുമാല്യം
മണിമാറിൽ ചാർത്തിസഞ്ചാരിയിൽ പൂ–
മണിയായ് വിളങ്ങും മനോഹരാംഗീ.

വിഷമേറും ലോകം നിൻ നിഷ്കളങ്ക–
സുഷമയിൽ ചെഞ്ചേർ തളിച്ചതില്ല.
മരണത്തോടൊന്നായ് മറഞ്ഞുമായും
മമത നീയേതും പുലർത്തിയില്ല.

പരിശുദ്ധികാത്തുനിൻ ദിവ്യനാഥ–
ന്നരികിൽ നീമങ്ങും, ക്രമേണമായും
ഇതുതന്നെ സാഫല്യമാന്ന ജന്മം,
ഇതുതന്നെ നിസ്സ്വാർത്ഥസേവനങ്ങൾ.

പുകൾപെട്ടോരാരാദ്ധ്യപുരുഷന്മാർ
തലതാഴ്ത്തും നിൻ ത്യാഗവേദിയിങ്കൽ

ധരയെല്ലാം വിട്ടങ്ങുയന്നയോഗി–
പ്രവരർക്കും തെല്ലല്പസൂയനിന്നിൽ
കറയോതാം കർമ്മപ്രസക്തർ നിന്നിൽ
ചെറുതും നീ നൈരാശ്യ മാന്നിടേണ്ട.

'അലസ'യാം നീതാൻ പുലർത്തിടുന്നീ–
യുലകത്തെ യജ്ഞാത സേവനത്താൽ

സ്വരമെന്യേ തത്വംനിറഞ്ഞപാഠം
ചൊരിയും നിനക്കെൻെറ കൂപ്പുകൈകൾ
വെടിയുന്നു ഞാനീ വിശുദ്ധഗേഹം
മടിയോടായാലും; മനുഷ്യനല്ലേ?

നെടുനീളെ നീയിങ്ങു രാപകൽ മ-
ണ്ണടിവോളം സഞ്ചാരി കാത്തുവാഴ്‌കം
നിറവും നിൻ സൗരഭ്യപൂരവും പൂ-
മ്പൊടിയും മനോജ്ഞ ദലങ്ങളെല്ലാം

പുരുമോദാലോരോന്നു ചിന്തിലോകം
കുതികൊണ്ടുകെൻ പൂവേ, വെടിഞ്ഞുവേഗം
വിടരും നീ വീണ്ടും തികഞ്ഞതങ്ക
ക്കുടമൊന്നായ് വിണ്ണിൻ പളുങ്കുമാറിൽ.

റവ: ഡോക്ടർ. ആബേൽ, C. M. I.

## സ്വർഗ്ഗം.

(ഗാഥ)

ഇന്നൂഴിതന്നിലുഴന്നു കേണീടുമെൻ
    കണ്ണുനീരെന്നുതാൻ തീരുമാവോ?
മന്നിടമാകുമീ പാറാവു വിട്ടുഞാ-
    നെന്നെന്റെ ഗേഹമാം സ്വർഗ്ഗമേറും?
എന്നുടെ താതന്റെ പൊന്നിൻ കൂടാരത്തി-
    ലെന്നു പറന്നുഞാൻ ചെന്നണയും?
എന്നു ഞാനെൻനാഥ, നിൻമേനിദർശിക്കു-
    മെന്നുഞാനീക്ഷോണി വിട്ടുയരും?
ഊഴികളമാഴിയും മേലങ്ങാകാശത്തിൽ
    വാഴുന്നു രാജൻ മൽസ്നേഹനാഥൻ.

(ആനത്തലയോളം)

സ്നേഹസാമ്രാട്ടേ ഞാൻ താവക സ്നേഹത്താൽ
    ആലസ്യമാന്നു വലഞ്ഞീടുന്നു.
മാമക മാനസതാരിൽ നീയന്നുനിൻ
    സ്നേഹത്തിൻ വൻക്ഷതമേകിയില്ലേ?
അക്ഷതം പൂർണ്ണമായ് സൗഖ്യമണയുമോ
    തൽക്ഷണം നിന്നിൽ ഞാൻ ചേർന്നിടായ്കിൽ?
യാക്കോബു കണ്ടൊരു ഗോവണി നല്കനീ
    ചിക്കെന്നു ഞാനതിലേറിടട്ടെ
അക്കോണി തന്നുടെ ശൃംഗത്തിലെത്തിടാൻ
    ഒക്കുമോ, യെത്ര നിമേഷം വേണം?
കേഴുന്നിതെത്രനാം, വൻനെടുവീർപ്പോടെ
    ഏഴഞാൻ നിന്മുഖം കണ്ടിടാനായ്!

---

(മലയപ്പുലയൻ)

    വരുവിൻ മൃഗങ്ങളെ, കാട്ടിൽ വസിപ്പോരെ
വരുവിൻ മദന്തികെ, വേഗം നിങ്ങൾ.
    ദയയൊരുലവലേശമേശാതെ വേഗത്തിൽ
ദഹനംപോൽ ഭക്ഷിക്കുകെന്റെ ദേഹം.
    ഇടിവെട്ടോ, വെള്ളമോ, അഗ്നിപ്രപാതമോ
ഞൊടിനേരംകൊണ്ടെന്നെകൊണ്ടുപോട്ടെ
    തെരുതെരെയിളകുന്നൊരലയാഴി തന്നിലെ-
ത്തിരമാല വന്നെന്നെയിരയാക്കട്ടെ.
    സഹജരേ, മാമക സ്നേഹിത വൃന്ദമേ
തടയല്ലെയെന്നന്ത്യ പ്രാപ്തി നിങ്ങൾ.
    നരനങ്ങാ സന്തത്ശോഭന ലക്ഷ്യത്തെ-
യകതാരിൽ ചിന്തിച്ചു മേവിടട്ടെ.
മൃതിയെപ്പേടിച്ചോട്ടം മർത്യൻ താൻപടുവിഡ്ഢി

അവൻണ്ടോ ജഗദീശ ചിന്തിതെല്ലും
ധരണിയോടൊട്ടുന്ന മാനവൻ മണ്ണല്ലോ
അവനുണ്ടോ പരനിൽ ഭക്ത്യാദികൾ
മനുജാം നിശ്ചലകത്തിൽ യാത്രികനല്ലയോ
ഒരുനാളാപരലോകമെത്തേണ്ടയോ?
നയനങ്ങൾ മേലോട്ടുയർത്തി നീ നോക്കുക
പരമമാം നിൻലക്ഷ്യ മങ്ങുതന്നെ.
പരലോക പ്രാപ്തനാം നിന്നുടെ ബന്ധുക്കൾ
പരദേശിയാംനിന്നെനോക്കിടുന്നു.
അവർ നിന്നെ മാടിവിളിക്കുന്നുസാദരം,
ഒരുനാളുമക്ഷണം തള്ളിടല്ലേ!

(ഭൂമിയിൽ മാനിട ജന്മം)

രോഗമോ, പീഡയോ, രാഗമോ, രോഷമോ
ആകുല ഭാവമോ ഇല്ലിവിടെ.
പൈദാഹമെന്തെന്നു മാലസ്യമെന്നൊന്നും
അദ്ദേശവാസിക്ക ചിന്തയില്ല.
രാത്രിതൻ കൂരിരുൾ തെല്ലുമേല്ലാതഹോ
ദീപ്രപ്രഭാപൂർണ്ണമപ്രദേശം
ആദിത്യ ശോഭയോ വാർതിങ്കൾ കാന്തിയോ
അദ്ദിക്കിലാവശ്യമാർക്കുമില്ല.
"കുഞ്ഞാട്" തന്നെയാണന്നാട്ടുകാർക്കൊക്കെ
മങ്ങാതെ ദീപിക്കും പൊൻപ്രദീപം.
മർത്യനന്നാളിലമർത്യതപൂണ്ടിടും
ദീപ്തിതന്നാകാരമായ് വിളങ്ങും.
ദിവ്യതമേലുന്നൊരൈന്ദ്രിക സന്തുഷ്ടി
ദിവ്യതമാന്നവനാസ്വദിക്കും
ആമോദപൂർണ്ണമാ-മാരാമദേശമാ-
ണായതിൻ കാമ്യതവർണ്ണ്യമാമോ!
തേനോലും സംഗീതം; തൂകിടുംമാധുര്യം

വാനവനാരോവാളമുണ്ടുവാഴും

വിണ്ണോർ തൻ കണ്ണിനു കണ്ണാടിസ്വർല്ലോകം
കണ്ണങ്ങൾക്കാനന്ദുകിന്നരവും.

കർത്താവെ, താവക ഭക്തരായോർക്കിനി
കാത്തുവച്ചീടുന്ന നിത്യഭാഗ്യം

പാർക്കുകിലാർക്കതിൻ സീമപറഞ്ഞിടാൻ–
വാക്കുലഭിച്ചിടുമിങ്ങുഭൂവിൽ!

കണ്ണുകൾകണ്ടില്ല കർണ്ണം കേട്ടിട്ടുമി–
ല്ലുള്ളിലേശീട്ടുമില്ലാത്തതത്രെ,

ഏവമവർണ്ണ്യമാണീശൻതൻ ഭക്തർക്കായ്
നല്കുവാനിച്ഛിക്കും സ്വർഗ്ഗഭാഗ്യം

ഏററമുറപ്പെഴുമാപ്പുരംതന്നുള്ളിൽ
മുററും നിന്നാനനച്ഛായതന്നിൽ

വാസമുറപ്പിച്ചിട്ടാശ്രയംതേടുമീ–
ദാസജനത്തെ നീ കാത്തിടുന്നു.

(പച്ചമലൈ)

വന്നുദിച്ചമോക്ഷഭാഗ്യം, രാജൻ മുമ്പിൽ നിന്നു
തന്നെ മുഖത്തോടുമുഖംകണ്ടു, മുടിചൂടി.

ദേഹിദേഹമെന്നിവകൾ സൂര്യനെപ്പോൽമിന്നി
മോഹിപ്പോരു കാര്യമേതും ക്ഷിപ്രസാദ്ധ്യമായി

നാകലോകഭാവുകങ്ങളെന്നുടയതായി
നാകലോകവാസികളും ഞാനുമൊത്തുപാടി

സ്നേഹരൂപനാകുമെൻെറ നാഥനെപ്പുണർന്നു
സ്നേഹലീലയാടി നിത്യനിർവ്വതിയുംനേടി

കന്നിമരിയാംബതൻ കടാക്ഷരശ്മിയേററ്
ധന്യനായി സ്നേഹസുധയുണ്ടുമത്തനായി

സ്വന്തജനം, മിത്രഗണം, ദൈവദൂതരാദി
സർവ്വരുമൊത്താസ്വദിപ്പൂ നിത്യസ്വർഗ്ഗംഞാനും

ഫാ: എം. സി. എം. ഐ

# സ്വർല്ലോകതാരം.

(മാരിവില്ലൊളി)

വിണ്ണിൽ മിന്നിത്തിളങ്ങും താരക
മന്നിടത്തിലെന്നംബിക
കണ്ണുമഞ്ചിക്കും, നിൻപ്രഭാപൂരം
കണ്ണിമയ്ക്കാതെ നോക്കും ഞാൻ.

കന്യകാംബയിൽ ചേർത്തിടും സദാ
കണ്ണുമീയെൻ കരളും ഞാൻ
എൻെറ ബോധത്തിലമ്മയെന്നുള്ള
ചിന്തയല്ലാതില്ലേതുമെ!!

ഓർക്കുമമ്മയെയാപൽസന്ധിയിൽ
ചേർക്കുമംബികമുക്തിമേ.
സംശയം, ഭയമന്ധകാരങ്ങ
സംശയംവിനാ തീർന്നുപോം.

എൻെറ ചുണ്ടിലും ഹൃത്തടത്തിലും
സന്തതമമ്മവാണിടും
അമ്മതൻ തൃക്കരങ്ങളാലെന്നും
ചെമ്മെയെന്മേനി താങ്ങിടും

മേരിയംബിക താങ്ങുനൽകവെ
മേരി, പാലനം നൽകവെ!!
ക്ഷീണനാകാതെ, വീണുപോകാതെ
ഗാനമാലപിച്ചിടും ഞാൻ.

സീമത്തായൊരു സ്നേഹസ്വാതന്ത്ര്യം
സീമയററൊരു വിശ്വാസം
മേരീഭക്തക്കാവശ്യമല്ലൊ
മേരീഹൃത്തിന്നതാനന്ദം!!

കാഴ്ചയർപ്പിക്കും ഞാനെൻസർവ്വവും
വീഴ്ചകൂടാതെയമ്മയ്ക്കായ്
അല്പരാം നമ്മെയപ്പോഴമ്മയും
ഭകല്ലേകി നിത്യം കാത്തിടും

ഇമ്മഹിതന്നിൽ ഭാഗ്യമെന്നുടെ
അമ്മതന്നുടെ പാർശ്വം താൻ
അല്ലാതില്ലെനിയ്ക്കിന്നീലോകത്തിൽ
വല്ലതുമൊന്നുനേടുവാൻ!!

ഹാ: എം. സി. എം. ഐ.

# ക്രൂശിതൻ

(ഒരു കാറവും കാററല്ല....)

കരയാത്ത കണ്ണുണ്ടോ ഉരുകാത്തകരളുണ്ടോ
തകരാത്ത മാനസ വേദിയുണ്ടോ?
ക്രൂശുംവഹിച്ചു കൊണ്ടീശൻ നടപ്പൂ-
അതുകണ്ടാൽ, കരയാത്ത........
കുലക്കളം തന്നിലെ കുലമരം കണ്ടാൽ-
കരയാത്ത........
ക്രൂശിൽ കിടന്നു കൊണ്ടീശൻ വിളിപ്പൂ-
അതുകേട്ടാൽ കരയാത്ത........
അമ്മെവിളിക്കുന്നു വെള്ളമിരക്കുന്നു.
അതുകേട്ടാൽ കരയാത്ത........

പോറം മാധവൻ നായർ.

# "ഈശോ"

—ം—

(ആനത്തലയോളം)

"ഈശോ" വസിപ്പതെൻ ആത്മാവാം മേടയിൽ
ആശയാന്നങ്ങയിൽ ഞാനുമേവം.
എന്തൊരു വിസ്മയം! സ്നേഹത്തിൻ മൂർത്തിയെൻ
അന്തരംഗംതന്നിൽ വാണിടുന്നു.
സർവ്വസംത്യാഗിയായ്, സർവ്വേശസൂനുവെ!
സർവ്വവുമായ് സദാ സ്നേഹിക്കും ഞാൻ.
എന്നെയും എന്നുടെ സർവ്വവും അങ്ങേയ്ക്കായ്
എന്നെന്നും അർപ്പണം ചെയ്തുമേവും.
ഞാനെൻെറ നാഥനോടൊന്നുചേർന്നാത്മാവിൽ
ആനന്ദലീനനായ് വിശ്രമിക്കും.
സ്നേഹസ്വരൂപനാം എൻപ്രിയനങ്ങയെ
"സ്നേഹാഭിവീക്ഷണം" ചെയ്തിടും ഞാൻ
ശാന്തസുമോഹനമാകുമെൻ കൺമിഴി
സംതൃപ്തിനാഥനിൽ ചേർക്കുമെന്നും.

(മലയപ്പുലയൻ)

അന്നേരമെന്നെക്കടാക്ഷിച്ചു സാനന്ദ-
മെന്നിൽത്തൻ സ്നേഹാസ്ത്രമെയ്തിടും താൻ.
സ്നേഹാസ്ത്രമോരോന്നു മെന്നിലാ സ്നേഹത്തിൻ
ചുംബനാശ്ലേഷങ്ങളാണെന്നൂനം.
സ്നേഹത്തിൻ ചുംബനമേല്ക്കുമെന്നാത്മാവോ
സ്നേഹത്താൽ മുദ്രിതമായിടുന്നു.
സ്നേഹത്തിന്നാശ്ലേഷമേല്ക്കുന്ന നേരത്താ-
സ്നേഹത്തിൻ പാശത്താൽ ബദ്ധനാം ഞാൻ.
സ്നേഹാസ്ത്രമോരോന്നു മെന്നിലാ സ്നേഹത്തിൻ
മാധുര്യമേറന്ന വീഞ്ഞുതൂകും.

ദിവ്യമാ വീഞ്ഞു ഞാൻ പേയമാക്കീടുകിൽ
ഭവ്യമാം ആത്മാവിൽ ദിവ്യശാന്തി.
അവ്യയമീദൃശ ശാന്തിതൻ വീചികൾ
ദിവ്യമായാത്മാവിൽ സഞ്ചരിക്കും
ഈവണ്ണമാത്മാവിന്നാനന്ദ നിർവൃതി
കൈവന്നു മേവുന്നിതേഴയാം ഞാൻ
ഇല്ലിനിക്കൊന്നുമേ ഇല്ലിനി ലോകത്തിൽ
വല്ലതുമൊന്നിദം നേടിടാനായ്.

........ .... .... .... .... .... .... .... .... .... .... .... .... ........

(ഗാഥ)

കുന്നിക്കും സ്നേഹത്താൽ ഞാനുമെൻ കർത്താവും
ഒന്നായിത്തീരുന്ന കാഴ്ച കാമ്യം!
"ഞാനല്ലമേലെന്നിൽ ജീവിപ്പതേശുതാൻ"
സാനന്ദംപൊങ്ങുമീ! ച്ചിന്തയെന്നിൽ.
കർത്താവിൻ കാര്യമതെന്നുടെ കാര്യമായ്
ഏത്താരിൽ ഓർത്തുമേൽ ചെയ്തീടും ഞാൻ.
അന്നേരമെൻ കാര്യമെല്ലാമെൻ നാഥൻതാൻ
സന്ദേഹമെന്നിയെ യേററുകൊള്ളും.

( ഫാ: എം. സി. എം. ഐ. )

A. M. D. G.

'The Mercies of the Lord I will sing for ever'
(Ps. 88-1)

( മാരകാകളി )

പാരിൽ പലപ്പോഴും പാരം സഹിക്കുന്ന
പാരദേശികരാം നമ്മൾ,
മേലങ്ങുദൂരത്ത് നമ്മുടെ നാഥൻെറ
മോഹനപ്പട്ടണം കാണ്മു

സൃഷ്ടിച്ചു രക്ഷിച്ചു നിത്യവും പാലിച്ചു
പോററുന്ന വാത്സല്യതാതൻ.
അപ്പുരത്തിങ്കൽ നിന്നെന്നെക്കടാക്ഷിച്ചു
പുഞ്ചിരിക്കുന്നതും കാണ്മൂ
ദാഹിച്ചു മാനുകൾ വെള്ളമന്വേഷിച്ചു
കേഴുമവ്വണ്ണമീഞാനും,
താതൻെറ സന്നിധി പൂകുവാനാശിച്ചു
മേവുന്നു ദാഹിച്ചപാരം.

രോഗവും വാർദ്ധക്യവായ്പുമെൻദേഹത്തെ
ബാധിച്ചു ദുർബ്ബലമാക്കി-
ദ്ദേഹിയെത്തച്ചിറക്കീടുവാൻ ചെയ്യുന്ന
വേലകൾനോക്കി ഞാൻ നില്പൂ
ദേഹമാമീഗേഹപാറാവു മങ്കോട്ട
വേഗം നിലംപതിച്ചീടും,
ചിക്കെന്നുതാതൻെറ പക്കലേക്കപ്പൊഴേ
പാറിപ്പറന്നു ഞാൻ പോകും.

താതൻെറ നിസ്സീമ കാരുണ്യമങ്ങഹോ
പാടിപ്പുകഴ്ത്തി ഞാൻ വാഴും.
അന്തമില്ലാത്ത സന്തോഷമഗ്ഗീതമെ-
ന്നന്തരംഗം നിറച്ചീടും.
വാനത്തിലിവണ്ണമെന്നുമെല്ലാരുമീ
കാരുണ്യകീർത്തനം പാടും.
ആനന്ദസാഗരകല്ലോലരാഗമാ
ലോകമെങ്ങും മുഴങ്ങീടും,

Fr. V., C. M. I.

# ക്രിസ്സ്മസ്സ് താലോലം

( ഗാഥ )

1

താലോലം പൈതലേ! മേരീ കുമാരക!
ഭൂലോകപാലക! സർവ്വനാഥ!
മാലകററംപതേ! മുക്തിസന്ദായക!
ചേലഞ്ചും പൈതലേ! താലോലമേ.

2

ഓമനക്കൊച്ചുകാൽ മെല്ലെച്ചലിപ്പിച്ചും
സാമോദം തൃക്കൈക്കെന്നെണഞ്ഞുകൊണ്ടും
പുഞ്ചിരിതൂകിക്കിടക്കുന്നൊരീശ്വര!
അഞ്ചിതപൈതലേ! താലോലമേ.

3

നീയല്ലോ ലോകേശൻ നീയല്ലോ സർവ്വജ്ഞൻ
നീയല്ലോ മർത്ത്യരെ രക്ഷചെയ്വോൻ
പാപമാം കൂരിരുൾ നീക്കുന്നൊരർക്കൻനീ
പാവന പൈതലെ! താലോലമെ.

4

താലോലം പാടുവാൻ പൂർവ്വപിതാക്കന്മാർ
നാലായിരം കൊല്ലമാർത്തിയോടെ
കാത്തുവസിച്ചോരു രാജരാജേശ്വര!
കർത്താവാം പൈതലേ! താലോലമേ.

5

സൂര്യസുധാകര ബിംബങ്ങളംബരം,
താരകജാല,മീ ഭൂതകാലം
പാരംപരിപൂർണ്ണമായീച്ചമച്ചതും
ചാരുണ്ണി പൈതൽനീ, താലോലമേ.



ഫാദർ ലേത്തുസ്, C.M.I.

# ക്രിസ്തുരാജകീർത്തനം

("മഹറാട്ടു്"-എന്നമട്ടു്)

പല്ലവി

ക്രിസ്തുരാജൻ_ജയ! ജയ! സ്നേഹരാജൻ-ക്രിസ്തുരാജൻ

1 നരകുലരക്ഷചെയ്തു വിജയിക്കും രാജൻ
നിജജീവൻ പ്രജകൾക്കായ് വെടിഞ്ഞൊരു രാജൻ
നിജഗാത്രമശിക്കുവാനരുളിയ രാജൻ

ഹൃദയരാജൻ, പരമരാജൻ,
സതതരാജൻ, സുഭഗരാജൻ
ക്രിസ്തുരാജൻ_ജയ! ജയ! ............

2 അരമനതൊഴുത്താകും സുരലോകരാജൻ
കുരിശാകുമാസനം വാണരുളിയ രാജൻ
കണ്ടകത്തിൻമുടിചൂടി മരുവിയരാജൻ

ഹൃദയരാജൻ, പരമരാജൻ,
സതതരാജൻ, സുഭഗരാജൻ
ക്രിസ്തുരാജൻ_ജയ! ജയ! ............

3 ജഗത്രയനൃപതികൾക്കധിപനാം രാജൻ
ശിരസ്സൊന്നു ചായിക്കുവാനിളയററ രാജൻ
കവിൾത്തടത്തടിയേററ പരിഹാസ രാജൻ

ഹൃദയരാജൻ, പരമരാജൻ
സന്തതരാജൻ സുഭഗരാജൻ
ക്രിസ്തുരാജൻ_ജയ! ജയ! സ്നേഹരാജൻ ക്രിസ്തുരാജൻ.



(ഫാദർ ലേത്തൂസു് സി. എം. ഐ)

# ലൂർദ്ദ് മാതാവ്.

(പച്ചപ്പനം തത്തേ........)

ലൂർദ്ദിന്റെ മോഹനസാനു പ്രദേശത്തിൽ
വാനവറാണിയാം നീ
ബർണ്ണദീത്തായിയ്ക്കു കാണപ്പെട്ടില്ലയോ
സ്വർല്ലോകസൗന്ദര്യമേ!
ഭൂലോകവാസിനീ ബാലയ്ക്കു ദൃശ്യയായ്
മൂലോകറാണീനീയേ
ഓതിയതെന്തെന്നുരചെയ്യുകമ്പികേ
കാരുണ്യകേദാരമേ!
"ഏതുമേ സംഭ്രമം വേണ്ടെന്റെ ബാലികേ
ഓമനക്കുഞ്ഞുമോളേ
ഞാനമലോത്ഭവയാകിയ കന്യക
നീയറിയേണമെന്നും."
എന്മകനേശുമരിച്ച കുരിശിനാൽ
നന്മജഗത്തിൽവരും
അക്കുരിശിന്റെയടയാളം മൂലമായ്
ദുഃഖങ്ങൾ തീർന്നിടുമേ,
എന്മകൻ ചിന്തിച്ചു ധ്യാനിക്ക സന്തതം
ശാന്തിയും വന്നിടുമേ,
ലോകത്തിലീവാർത്ത നീ ചെന്നറിയിക്ക
നേരാണിച്ചൊന്നതെല്ലാം
ഇക്കാണും പാറയിൽ നിന്നൊരുറവയും
ഉത്ഭവിച്ചീടുമിപ്പോൾ
നില്ലാതൊഴുകിജനത്തിനു വിസ്മയം
ചേർക്കുമാറാകുമെന്നും.
ഭക്തിപാരവശ്യം പൂണ്ടൊരാപ്പെൺകൊടി

വീണല്ലൊ മൺതറയിൽ
നേത്രംതുറന്നപ്പോൾ കണ്ടതില്ലമ്മയെ;
അമ്മമറഞ്ഞുപോയി.
വേഗംനഗരത്തിലെത്തിയവൾകഥ
മോദമാരോതിയെങ്ങും.

(ഫാ: യൗനാൻ O. I. C.)

# നിത്യപിതാവിനോട്

(മാരിവില്ലൊളി)

പാപികൾക്കൊക്കെ രക്ഷനൽകുവാൻ
ജാതനായൊരെന്നേശുവേ
ലോകത്തിൽ യാഗവസ്തുവാകിയ
നീതിമാനാകും സർവ്വേശാ!
ആലയംവിട്ടമേഷരാശിയെ പാലനം ചെയ്തിടേണമേ
ആശയററുനശിച്ചിടാതെ യീയേഴയ്ക്കാലംബമാകണേ!
വേദനയുടെ വീണമീട്ടുമാശ്രിതർക്കൊക്കെയെന്നുമേ
സ്വർഗ്ഗതാതനീ ഭാവുകമേകിസ്നേഹഗേഹത്തിലാക്കണേ!
കീർത്തിതൻ ഗൃഹമായൊരു റോമിൽ
സാത്വികാത്മാവാം മാർപ്പാപ്പാ
പത്രോസിനുടെ പിൻഗാമിയായി
സത്യമായ് ലാലസിക്കുന്നു
ഭൂവിൽമോക്ഷം ചമയ്ക്കുന്നോരേക
പാവനസഭയെന്നെന്നും
വിശ്വസിച്ചതിന്നൊത്തു വാഴുവാൻ
നീമനസ്സിവർക്കേകണേ!

(ഫാ: യൗനാൻ O. I. C)

# ആവിലായിലെ വി: ത്രേസ്യാ

(മാരിവില്ലൊളി....)

ഹീനയെന്നെന്നെയെണ്ണം നേരംതാ-
നാനന്ദമെനിക്കേററവും
പ്രത്യാശാപൂർവ്വം ശാന്തിനേടും ഞാൻ
ഭീത്യാവിഹ്വലയാകുമ്പോഠം
ദു:ഖഹേതുവാഹ്ലാദമാണെനി-
ക്കുത്തരംഗജയങ്ങളാൽ
കഷ്ടനഷ്ടങ്ങളെന്നുമെന്നുടെ
പുഷ്ടഭാവുകശ്രീയതും.
ഘോരമാം കൊട്ടങ്കാററടിച്ചാലും
ധീരധീരംഞാൻ നേരിടും
എല്ലാംഞാൻക്ഷതം, ആയതെൻതോഷം,
പാക്കും മൃത്യുവെൻ ജീവനായ്.
ആക്കുംവേണ്ടാത്ത നീചയായെന്നെ
ഓത്തിടും ലോകമെങ്കിലും
ചീക്കും ഖ്യാതിയെൻ വാനലോകത്തു
ചേക്കുംമൽ പ്രിയനേശുതാൻ!!
ദാരിദ്ര്യം തന്നെയെൻെറ സമ്പത്തും
പാരതിൽമമ ശ്രേയസ്സും
അത്തൽക്ലേശ വിമദ്ദനങ്ങളിൽ
തൃപ്തമാണെൻെറ ചിത്തവും
എന്തുതാഴ്ത്തില്വമേകു മുന്നതി
ഏതിരുളും പ്രകാശം താൻ
ക്രൂശുതന്നെയെൻ പാതഭൂമിയിൽ
ക്രൂശിൽസന്തുഷ്ടി കാണ്മുംഞാൻ.
മാനമാണവമാനമീയിവഠം-
ക്കാനന്ദാസഹനം തുലോം

മൃത്യുവിൻശേഷമാണെൻ ജീവിതം
പ്രാണനഷ്ടമെൻ ലാഭമാം
ഹൃത്തിലോത്തങ്ങടക്കും വേഗം ഞാൻ
ക്ഷുത്തുകൊണ്ടുതാൻ ക്ഷുത്തിനെ.
കൈപ്പുനീരിവരംക്കെത്രയാകില്ല-
മെപ്പൊഴും മധുതാനതും.
വിസ്മൃതിയാണെന്നോമ്മ ശക്തിമേൽ
പ്രശ്രുതിയവഹേളനം.
കീത്തിയെന്നുമേ നിന്ദനമപ-
കീത്തിയാണെൻ വിജയവും.
നിന്ദാവമാനം വെന്നി തന്നുടെ
പൊന്മണിമകുടംഭുവി
സവ്വരുംത്യാജ്യകോടിയിൽ തള്ളും
ഉവ്വീഭാഗമെൻ സ്വഗ്ഗവും
നാഥനേശുവെന്നാശാകേന്ദ്രമാം
നാഥൻതാൻ സമാധാനവും
അങ്ങാനിമ്മലനാഥ ചേതസ്സ
മേന്മയേകിടും സവ്വദാ
നാഥനെയനുധാവനം ചെയ്യും
മോദമോടെ ഞാനെന്നുമേ
എന്റെ നാഥന്റെ താങ്ങുമാത്രമാ-
ണെന്റെ ജീവിതശക്തിയും
എന്നുറപ്പങ്ങുമാത്രമെൻ നാഥാ,
എൻസുരക്ഷിതാവസ്ഥയും
അങ്ങിൽമാത്രമെൻ ജീവിതസ്ഥൈയ്യം
മങ്ങാതെനില നില്പതും.

(വിവ: ഫാ: എം. C. M. I.)

# എൻെറ നാഥൻ

(മാവേലി....)

യാതൊന്നും നിന്നെയലട്ടിടേണ്ട
യാതൊന്നും ഭീതിവളർത്തിടേണ്ട
എല്ലാംകടന്നിതാ പോയിടുന്നു
എല്ലാമായ് നീമാത്രം നിന്നിടുന്നു!
എല്ലാംനിർല്ലോഭം നേടീടുമെന്നും
അല്ലൽപേറീടുമാ ധന്യലോകം!
ദൈവം സ്വകീയമായുള്ളവന്നു്
കൈവരുമന്യൂനമേവ മെന്നും.
കർത്താവുമാത്രമെനിക്കു വേണം
മററൊന്നും ചെറുമെനിക്കു വേണ്ട.

( വിവ: ഫാ: എം. C. M. I. )

# വി. ബർണ്ണാഡിൻെറ ഒരു ഗീതം.

(ഗാഥ)

എൻവേല്ജോലികളെല്ലാം ഞാനേശുതൻ
സന്തതസാന്നിദ്ധ്യമോർത്തു ചെയ്യും
നിദ്രവിട്ടേകനായ് പ്രാർത്ഥിക്കുന്നേരത്തു
ഭദ്രമാം സാക്ഷിതാനേശു നാഥൻ.
നിദ്രാവലംബിയായ് നിദ്രയിലാഴുമ്പോ-
ളെൻസ്വപ്നഹേതുവു മേശുനാഥൻ
ബദ്ധപ്പാടോടെ ഞാൻ പാഠം പഠിക്കിലും
ഉത്തമാചാര്യനും യേശുതന്നെ.

ലേഖനം ചെയ്യുവാനുദ്യുക്തനാകുമ്പോൾ
പേനയായിപ്പതുമേശു നാഥൻ
എൻപേനനീക്കിവരച്ചേശു വെന്നുള്ള
പൊൻവാക്ക തീർപ്പതു മഞ്ജുതന്നെ
എന്തി, നെൻപാദമിളക്കി നടക്കിലും,
ശാന്തപൂണ്ടമന്നീടുകിലും
വിട്ടുപിരിഞ്ഞിടാതെപ്പൊഴു മെന്നുടെ
കൂട്ടിനായ് മേവിടു മേശുനാഥൻ
പ്രാർത്ഥനാവേളയിലെൻ നാവിന്നേകനാം
നേതാവും ജീവനുമേശുനാഥൻ
ക്ലേശത്തിലാണ്ടുഞാൻ ക്ഷീണിതനാവുമ്പോ-
ളാശ്വാസദാതാവു മേശുവല്ലോ.
പൈദാഹംകൊണ്ടുതളർന്നുഞാൻ മാഴ്കുമ്പോ-
ളെൻഭോജ്യപേയങ്ങൾനാഥ, നീതാൻ.
രോഗവിവശനായ് കേണിടുമെന്നുടെ
ദിവ്യനാം വൈദ്യനു മേശുനാഥൻ
മൃത്യുവന്നെത്തുകിൽ സത്വരമെന്നെത്തൻ
ഹൃത്തിലണപ്പതുമേശുനാഥൻ
എൻനാവിൻ ശക്തിപൊലിഞ്ഞു കുഴയുമ്പോ-
ളെന്നന്ത്യവാക്യവു മഞ്ജുതന്നെ
ചൈതന്യം വിട്ടോരെൻ നേത്രങ്ങളോരോന്നും
ചേർത്തടപ്പതുമന്യനല്ല.
പാവനനേശുതൻ ഹൃത്താണെൻ കല്ലറ
സ്മാരകവാക്യവു മേശുതന്നെ.

(വിവ: ഫാ: എയ്മാഡ് C. M. I.)

# വി: പാട്രിക്ക്

(ഗാഥ)

ക്രിസ്തുവെന്നോടൊത്തു വാഴട്ടെയെന്നേന്നും
ക്രിസ്തുവെൻമുന്നിലും പിന്നിലുമായ്
ക്രിസ്തുവെന്നുള്ളിലും താഴെയും മീതെയും
ക്രിസ്തുവെൻ പാർശ്വങ്ങൾ രണ്ടിലുമായ്;
ക്രിസ്തുവെൻകോട്ടയി, ലെൻരഥ വേദിയിൽ
നിസ്തുലാനന്ദം വസിച്ചിടട്ടെ.
എന്നാൽ നിയന്ത്രിതമാവും ജനത്തിലും
എന്നെനിനയ്ക്കും മനങ്ങളിലും;
എന്നെക്കുറിച്ചുര ചെയ്യുമധരത്തി-
ലെന്നെനോക്കീടുന്ന കൺകളിലും;
എന്നെശ്രവിക്കുന്ന കാതുകൾക്കുള്ളിലു-
മെന്നോമൽ ക്രിസ്തുലസിച്ചിടട്ടെ.
(വിവ: ഫാ: എയ്മാഡ് C. M. I.)

# വി: അഗസ്റ്റിൻ

(ഗാഥ)

നാഥനാമീശോ, ഞാനെന്നെയും നിന്നെയും
നേരായറിഞ്ഞു വണങ്ങിടട്ടെ
നീയല്ലാതൊന്നുമെ നിക്കുവേണ്ടെന്നെവി-
ട്ടായതസ്നേഹം ഞാൻ നിന്നിൽചേർപ്പൂ.
അങ്ങേയ്ക്കായൊക്കെയും ചെയ്യും ഞാനെന്നെയൊ
നിർല്ലോഭംതാഴ്ത്തി, പ്പുകഴ്ത്തുമങ്ങേ
നീയൊഴിഞ്ഞന്യമാം ചിന്തയെനിക്കില്ല
ഞാൻമൃതനായ് നിന്നിൽ ജീവിച്ചീടും.

എന്തുഭവിച്ചാലുമങ്ങേനിക്കേകുന്ന
ബന്ധുരസമ്മാനമെന്നുറയ്ക്കും.
എന്നെത്യജിച്ചുനിൻ പിന്നാലെ പോരുവാ-
നെന്നിലുള്ളാശയവാച്യമത്രേ.
എന്നെവെടിഞ്ഞോട്ടമങ്ങാലഭയംവ-
ച്ചെന്നും ഞാനങ്ങയാൽ രക്ഷനേടും
എന്നെയ, ല്ലങ്ങേഭയപ്പെട്ടുമെന്നെ നിൻ
ധന്യഗണത്തിലണച്ചീടണേ!
എന്നെയവിശ്വസിച്ചങ്ങിൽ ശരണംവ-
ച്ചെന്നുംഞാൻ അങ്ങെയനുസരിക്കും.
അങ്ങല്ലാതാരുമെൻ സ്നേഹവിഷയമ-
ല്ലങ്ങേയ്ക്കായ് ദാരിദ്ര്യമാന്നിടും ഞാൻ.
നിന്നെക്കണ്ടെന്നു മന്നുഭവിച്ചീടുവാ-
നെന്നെവിളിക്കുക സ്നേഹനാഥ.

(ഫാ: എയ്മാഡ് C. M. I.)

## ഈശോമാത്രം.

വി: ഫ്രാൻസീസ് സേവ്യർ (ഗുണമേറും........)

സതതമെനിക്കൊരേയാശ മാത്രം
സകലേശനേശുവിൻ ചിന്തമാത്രം
ഒരുഭയമുണ്ടെനിക്കേശുവെന്നെ
പിരിയുമോയെന്നതാണായതോക്കിൽ
പരിമോഹനാശ്വാസ രശ്മിയെന്നി-
ലരുളീടാനന്യനാരേശുവെന്യേ

ഒരുഗേഹമുണ്ടെനിയ്ക്കെങ്കിലങ്ങേ–
തിരുമുറിവല്ലാതെയൊന്നുമല്ല.
ഒരുജോലിയുണ്ടെങ്കിലായതെൻെറ
തിരുനാഥനോടുള്ള ഭാഷണം താൻ
കരണീയമൊന്നെനിയ്ക്കേശുവിൻെറ
അരുളപ്പാടിന്നൊത്തചെയ്കതന്നെ–
പരമാനന്ദത്തിൽ ലയിക്കുവാൻ ഞാൻ.
പരമേശൻതന്നിലണഞ്ഞേ തീരു!
നിശിതമായുള്ള പ്രതീക്ഷയൊന്നാ–
മിശിഹായെകണ്ടെൻെറ കൺകുളിക്കൽ.
ഒരു ദുഃഖമേയുള്ളെനിയ്ക്കുതീശോ
പരിഹാസ്യനാകുന്ന കാഴ്ചയത്രെ
അനുദിനമെന്നെ സൂക്ഷിപ്പതെല്ലാ-
മനുപമനേശുവിൽ വീക്ഷണം താൻ.
മഹിമയൊന്നീശോയ്ക്കുവേണ്ടി നിന്ദാ–
സഹിതം വസിപ്പതിലാണെനിക്കു്.
നിതരാമാശ്വാസം നാഥനുവേണ്ടി–
സതതം സഹിക്കുക മാത്രമത്രെ.
ഉരുതരവിശ്രമം യേശുവിന്നായ്
തെരുതെരെ ജോലികൾ ചെയ്തുതന്നെ
അഭയമെനിക്കെൻെറ നാഥ, നീയേ,
അമലമമൂല്യമപ്പൊൻ ഹൃദയേ.

( ഫാ: എയ്മാഡ് C. M. I. )

# MAGNIFICAT

(മാവേലി........)

വാഴ്ത്തുന്നെന്നാത്മാവു ദൈവദാനം
നിസ്തുലാനന്ദം വഹിപ്പുഞാനും
എന്തെന്നാൽ സർവ്വേശനേഴയാമെൻ
സ്വാന്തത്തിൻ താഴ്മയെ തൃക്കൺപാർത്തു
ഇന്നുമുതൽക്കെല്ലാ ജാതികളും
ധന്യഞാനെന്നഹൊ കീർത്തിച്ചീടും.
തമ്പുരാൻ ശക്തിമാനേകിയല്ലൊ
വമ്പിച്ചകാര്യങ്ങളേഴയെന്നിൽ.
ശക്തനാംനാഥന്റെ നാമധേയം
നിത്യവും പാവനമായിടുന്നു.
ഉണ്ടാകുംകാരുണ്യം തന്നെഭക്ത്യാ–
യെന്നുംഭജിപ്പോർക്കു നിത്യമായി.
ശക്തമാമത്തൃക്കരത്തിനാലെ
നിത്യവിജയവും നേടിതാതൻ
ചിതറിച്ചുസർവ്വേശൻ മാനസത്തിൽ
ഉദ്ധതരായിടും മാനുഷരെ
ശക്തരായുള്ളോരെ താഴ്ത്തിനാഥൻ
ശക്തിയില്ലാത്തോർക്കുയർച്ചയേകി
ആത്മാവിൽ പൈദാഹം പൂണ്ടവർക്കായ്
ദാനങ്ങൾവേണ്ടുവോളം നൽകിനാഥൻ.
സമ്പത്തുമൂലമഹങ്കരിപ്പോ–
ർക്കേകിയതില്ലൊന്നുമീശ്വരൻ താൻ.
നമ്മുടെ പൂർവ്വികരായിടുന്ന
അബ്രാഹത്തോടും തൻമക്കളോടും
എന്നേക്കുമായിപ്പറഞ്ഞപോലെ
തന്നുടെകാരുണ്യ ചിന്തയാലെ

ഇസ്രായേൽദാസന്നു വേണ്ടപോലെ
അൻപോടുനാഥൻ സഹായമേകി
ബാവായ്ക്കും പുത്രനും പാവനാത്മൻ
റൂഹായ്ക്കും സ്തോത്രമുണ്ടായിടട്ടെ.

(ഫാ: ഗോഡ്ഫ്രി C. M. I.)

## സി: അൽഫോൻസാ.

(ഗാഥ)

ഈശോ, നിൻദിവ്യഹൃദയമുറിവിൽചേ-
ർത്താശ്ലേഷിച്ചെന്നെ മറച്ചിടേണം.
ഉന്നതസൗഹൃദംകാംക്ഷിക്കുമാശയിൽ
നിന്നുനീയെന്നെ മോചിച്ചിടേണം
കീർത്തിബഹുമതിയ്ക്കായുള്ളൊരെൻ ശ്രമം
തീർത്തുസദാരക്ഷനൽകിടേണം.
നിന്നിലെ സ്നേഹാഗ്നി തീപ്പൊരിയാം വരെ-
യെന്നെയെളിമപ്പെടുത്തിടേണം
വിസ്മയസൃഷ്ടിയെ മാത്രമല്ലെന്നെയും
വിസ്മരിച്ചീടാൻ കനിഞ്ഞിടേണം
വാചാമഗോചര ലോകസന്തോഷങ്ങ-
ളേതുംഹാ! തിക്തമായ് തീർത്തിടേണം.
നീതിദിവാകരനീശോ, നിന്നംശുവാൽ
പൂതമാക്കീടണമെൻ ഹൃദയം
ബുദ്ധിപ്രകാശിച്ച് നിന്നോടുയോജിച്ച്
നിത്യവും പ്രോജ്വലമായിടേണം.

(ഫാ: എയ്മാഡ് C. M. I)

## പിതാവിന്റെ തിരുമനസ്സ്

(ഗാഥ)

കാൽവരിയല്ലെങ്കിൽ താബോറാംമൽവിധി
ശുഷ്ക്കഭൂവല്ലെങ്കിൽ ശാദ്വലമാം
ജോബിനെപ്പോലെ ഞാനാകുലനായിടാം
ജോണിനെപ്പോൽ മാറിൽവിശ്രമിക്കാം
മോടിയിൽ സൽഫലം വാച്ചുതഴച്ചിടാം
വാടിക്കരിഞ്ഞിടാം മുന്തിരിപോൽ
എന്തുമായീടട്ടെനാഥാ, നിന്നിംഗിതം
ചന്തമായെന്നിൽ നീ കാട്ടിയാലും.

(അജ്ഞാതനാമാവു്.)

## ഉണ്ണിയീശോ ഉറങ്ങിക്കൊൾക

(മാവേലി)

1

എന്നുടെ പേരുമെന്നുള്ളവും, ഹാ!
ഉണ്ണിയീശോ, നീയറിഞ്ഞിടുന്നു.
മാധുര്യമേറുംനിൻ വീക്ഷണത്താൽ
നീയെൻഹൃദയം കവർന്നിടുന്നു
ചൊല്ലുന്നാനോട്ടം: "നീ പേടിക്കേണ്ട,
എന്നിൽ വിട്ടാലുമുൽക്കണ്ഠയെല്ലാം,
നിന്നുടെയാത്മാവാം കുഞ്ഞുവഞ്ചി
(മത്തായി, 8, 26)
നന്നായ്ത്തുഴഞ്ഞുനയിച്ചിടാം ഞാൻ,"

2

ഉണ്ണീ! നീചൊല്ലുന്നൊരീവചസ്സിൽ
വല്ലഭമെന്തുമറഞ്ഞിരിപ്പൂ!
കുഞ്ഞിസ്വപ്നമിതുകൊണ്ടുമാത്രം
കാറവുംപിശറും നീ ശാന്തമാക്കും,

3

ഗാഢമായ് നിദ്രചെയ്താശ്വസിക്കെ-
ന്മാറിലണച്ചു നിന്നുത്തമാംഗം
കുഞ്ഞളകങ്ങളും ഞാനെണ്ണിയെണ്ണി-
യുമ്മയോരോന്നിനും വച്ചുകൊള്ളാം.
കല്ലോലജാലംകയർത്തു വന്നാൽ
തെല്ലുംഞാൻ നിന്നെയുണർത്തുകില്ല.

4

സ്വാപത്തിൽപോലും, ഹാ! മന്ദഹാസം
മോഹനംതന്നെ, നീതൂകിടുന്നു!
ആമയമെന്യേലയിച്ചു കൊൾക
കോമളനുണ്ണീ! സുഷുപ്തിയിൽ നീ
താലോലിച്ചീടാം ഞാൻ മാറിൽനിന്നെ
താരാട്ടുംപാടാം, ഉറങ്ങിക്കൊൾക!

(വിവ. ഫാ. ഹെർമൻ O.C.D.) (ഡിസംബർ 1896)

# പുഷ്പപൂജ.

(മാവേലി)

1

കുഞ്ഞീശോ പിച്ചനടന്നിടുന്നു,
അമ്മതൻ കൈവിട്ടുപോയിടുന്നു;
കുഞ്ഞടികളോരോന്നെണ്ണിടുന്നു
അല്ലൽനിറഞ്ഞോരീ യൂഴിതന്മേൽ.

2

പിച്ചിപ്പറിച്ചോരു റോസാപ്പുഷ്പം
പിച്ചവഴിയിൽ വിതറിടാം ഞാൻ;
കൊച്ചുപാദങ്ങളതിന്നു മീതേ
വച്ചുഗമിക്കട്ടെ മോദമോടെ.

3

സർവ്വേശാ! ഉണ്ണി! നിനക്കുവേണ്ടി
സർവ്വവുമെന്നുമെന്നേക്കുമായി
സോല്ലാസമർപ്പിക്കു മാത്മാവിൻെറ
നല്ലൊരു ചിത്രമാണീപ്രസൂനം.

4

പിച്ചിപ്പറിച്ചിട്ട കൊച്ചുപുഷ്പം
വിസ്മൃതിതന്നിൽ ലയിച്ചിടുന്നു
കാഴ്ചസസന്തോഷ മെന്നെയും ഞാൻ
വച്ചിടുന്നേവം നിനക്കുനിത്യം.

5

പുഷ്പദളങ്ങൾക്കുമേൽ ചവിട്ടാ-
നല്പവുമാരും ശങ്കിക്കയില്ല.
സൂനനാശത്താലെന്നാലെനിക്ക്
നീനടക്കുംപാത മോടിയാക്കാം!

6

ഈശോ! നിനക്കായെൻ ലോകവാസം
ലേശമെന്യേചിലവാക്കിടാം ഞാൻ
മാനവദൃഷ്ട്യാ നശിച്ചപോയ
സൂനമല്ലീഞാൻ? — മരിക്കട്ടെ ഞാൻ.

7

ഈശോ! നിനക്കായ് മരിച്ചിട്ടമ്പോൾ,
ഹാ! വരുമാനന്ദമാർക്കു ചൊല്ലാം?
അല്ലികളൊന്നൊഴി യാതെയെല്ലാം
നിൻവഴിതന്നിൽ വിതറിടാം ഞാൻ.

8

കുഞ്ഞു പാദങ്ങൾക്കു കീഴിലായ്ഞാ-
നെന്നും വസിക്കും സന്തുഷ്ടിയോടെ
എങ്ങുനീ പോയാലും ഭംഗമെന്യേ
അങ്ങുനിൻ പാതയിലുണ്ടുഞാനും

9

അന്ത്യചുവടുകൾ വച്ചുക്രൂശു-
മേന്തിനീ ഗാഗുൽത്താ കേറിടുമ്പോൾ
തന്നിടാമേവ മാശ്വാസമല്പം
അന്നുംസമർപ്പിച്ചെൻ പുഷ്പപൂജ.

[വിവ. ഫാ. ഹെർമൻ O.C.D. ] (മേ. 1897)

# തിരുമുഖം

(കാകളി)

1

മാമകപാതതെളിച്ച തരുന്നൊരു
താരകമല്ലോ നിന്നാകാരമേശുവേ!
മാദകമാകും തപദ്ധ്യാനമാണുമേ
മേദിനിതന്നിലെ നാകമെന്നോർക്കുക!
സ്നേഹഭരിതയായ് നോക്കുന്നനേരത്തു്
മോഹനരൂപമേ, സ്നേഹനികേതമേ!
കണ്ണീർകണങ്ങളണിയുന്ന നിന്നുടെ
കണ്ണുകാംതന്നുള്ളിൽ കാണുന്നു കാന്തിഞാൻ;
കണ്ണീരടക്കിഞാൻ പുഞ്ചിരിതൂകയായ്
കണ്ണിന്നുമുമ്പിൽ, ഹാ! നിൻവ്യഥകാണവെ!

2

ആശ്വാസമങ്ങേയ്ക്കു നൽകുവാനജ്ഞാത-
വാസത്തിലേകയായ് വാണുകൊള്ളാംമുദാ.
നിന്മുഖകാന്തിനീയെത്ര മറച്ചാലു-
മുന്മീലിതമായ് വരുമതുമേൽക്കുമേൽ.
ഉള്ളിൽമറഞ്ഞുള്ള സൗകുമാര്യങ്ങളെ-
ന്നുള്ളത്തെയാകർഷിച്ചീടും നിരന്തരം;
കൂട്ടനോക്കിപ്പറന്നീടുംകപോതിപോൽ
തേടുവൻനിന്മുഖം തന്നിലൊളിക്കുവാൻ.

3

നിന്മുഖംസ്നേഹസാമ്രാജ്യമാകുന്നതിൽ
ജന്മംലഭിച്ചതാണെന്റെ കുലീനത.
പുഞ്ചിരിതൂകുന്നോരാനന്ദോദ്യാനമേ,
സഞ്ചിതാഭമതിലെന്നെ വളർത്തുക.
'താഴ്വരതന്നിലെലില്ലി' യാം നീവന്നു

 (ഉത്തമഗീതം, 2, 1)

ഷ്ഠവുകെന്നിൽ തവഭൌതിക സൗരഭം.
ഭൂവിപ്രവാസത്തിൽ ക്ലേശിക്കമെന്നെന്നി
ദ്യോവിലെശാന്തിയിൽ മഗ്നയാക്കീട്ടുക!

4

മാധുര്യമേറുമാശ്വാസ നിലയമേ,
ഗീതപീയൂഷം പൊഴിക്കും വിപഞ്ചികേ!
ദൈവപുത്രൻ തൻെറ ഭവ്യവദനമേ!
നവ്യമാംപ്രേമ പ്രചോദനമേൽക്കയാൽ
'മീറതൻശേഖരമെന്നപോൽ നിന്നെഞാൻ
മാറിൽവഹിച്ചിടും' നിത്യമെൻസ്നേഹമേ!
(ഉത്തമഗീതം 1, 12.)

5

പ്രേമവദനമേ, നീ മാത്രമെൻനിധി,
വേറൊന്നുവേണ്ടമേ സമ്പത്തുഭൂമിയിൽ
സന്തുഷ്ടിപൂണ്ടതിന്നുള്ളി ലൊളിച്ചുഞാൻ
സന്തതം നിന്നോടു സാരൂപ്യയായിടാം.
പാവനമാംതവ വ്യക്തിവിലാസവും
പാവമാമെന്നിൽ സമുദ്രിതമാക്കുക;
വേഗമെന്നാൽ വിശുദ്ധീകൃതയായിനിൻ
സ്നേഹത്തിലേയ്ക്കിഴക്കീടുവൻ സർവ്വം!

6

താവകദിവ്യ ചേതസ്സിലെരിയുന്ന
പാവകജ്ജ്വാലയിൽ ഞാനും ദഹിക്കണം!
മണ്ണിലഴിയുന്ന കോതമ്പുതന്മണി– (യോഹ.12, 24)
യെണ്ണമെന്യേകതിർ നല്കുമല്ലോപരം;
പൊല്ലാതിർക്കററകളവ്വിധം നിൻെറതൃ–
ക്കാല്ക്കലപ്പിക്കുവാൻ തീക്ഷ്ണതനല്കുമേ.
സ്നേഹിതാ! നിന്മുഖം വ്യക്തമാക്കീട്ടുക.
 വേഗംതരികനിൻ ശാശ്വതചുംബനം!

(വിവ. ഫാ. ഹെർമൻ O.C.D.) (12 ഓഗസ്റ്റ് 1895)

# ഓൎക്കുക

"ഏററവുമധികം സ്നേഹം പ്രകാശിപ്പിക്കുന്ന എന്റെ വചനങ്ങളും ജീവിതരഹസ്യങ്ങളും നിരന്തരം ഓൎക്കുക."
(നമ്മുടെ കൎത്താവു് വിശുദ്ധ ജെൎത്രൂദിനോടു്.)
[ഒരൊററമതമുണ്ടുലയിന്നാകിരാം........]

1

ഓൎക്കുക! ഈശോ! പിതൃഭവനത്തിൽ
വാഴ്ത്തും വിഭവങ്ങൾ,
ആയിരമൎക്കന്മാരടിക്കുപ്പും
ദ്യോവിൻ ദീപങ്ങൾ!
വിനപെരുകീടും ജനനികരത്തെ
പ്പരിരക്ഷിച്ചീടാൻ
സകലവുമങ്ങുവെടിഞ്ഞിട്ടല്ലേ
യുലകിൽവന്നതു നീ?
മഹിമകളൊക്കെ മറച്ചതിമോദം
നിൎമ്മലകന്യകത-
ന്നുദരം വരെയും താഴ്ന്നുവരാൻ നീ
വിമനസ്സായില്ല
വിമലതമുതലതിലനവധിഗുണഗണ
വിഭവംവിലസുകയാ-
ലതിനുള്ളിൽ നീവേറൊരുസ്വൎഗ്ഗം
ബത! കണ്ടതുമോൎക്ക!

2

ഓൎക്കുക! നിന്നുടെ ജന്മദിനത്തിൽ
വാനോർ വൃന്ദങ്ങൾ
വിണ്ണുവെടിഞ്ഞീമന്നിലിറങ്ങി
ചൊല്ലിയസന്ദേശം:—
"ഉന്നതനുലകിൽ നിന്നിനി നിരതം
സ്തുതികളുയൎന്നീടും,

മന്നിൽനന്മനസ്സെഴവോർക്കുള്ളിൽ
ശാന്തിനിറഞ്ഞീടും."
പത്തൊൻപതു നൂററാണ്ടുകഴിഞ്ഞിട്ട
മിത്തരുണത്തിൽ നീ
സാത്ഥകമാക്കിത്തീക്കുന്നന്നവർ
നല്ലിയവാഗ്ദാനം
നിന്നുടെ വത്സർക്കുഴിവിവാസം
തന്നിൽ സമ്പാദ്യം
ഒന്നുംവേണ്ടിതില്പരി, മനസ്സിൻ
പൂണ്ണസമാധാനം.
അതിനുടെ നിരുപമരുചിയൊരുശകലം
ഏദിയറിയുന്നതിനായ്
അടിയാളധ്വനാതവതിരു കഴലിണ
പണിയുന്നതിഭക്ത്യാ.

3

അരികിലടുത്തുവരുന്നേൻ, നിന്നുടെ
ചെറുതൊട്ടിൽ തന്നിൽ
വിലസിനപിള്ളക്കച്ചയിലെന്നെയു
മൊളിച്ചുവയ്ക്കുകനീ!
അവിടെയെനിക്കു മിരിക്കണെ, മഞ്ഞെ
ത്തിരുജനനസ്തുതിക-
ളവിടെ നിറഞ്ഞിട്ടമമരുമൊരുമി
ച്ചതിമധുരം പാടാൻ
ഓക്കുക! ശിശുവേഷമേഷപരെയും
മഹഷികരം മൂവരെയും
കാഴ്ചകളവർ ഏദിസന്തോഷംപൂ
ണ്ടപ്പിച്ചതുമെല്ലാം.
ഓക്കുക! നിമ്മലശിശുപരിവാരം
നിന്നുടെ തിരുവഴിയിൽ
രക്തത്തുള്ളിചൊരിഞ്ഞുമണിഞ്ഞും
നല്ലിയസ്വീകരണം!

4

പല്ലവകോമളസുന്ദരിതൻകര
വല്ലികളിൽ വാഴാ-
ന്നന്നതസിംഹാസനമെന്നല്ലീ
വിണ്ണിൽവിട്ടതുനീ?
കന്യകതന്നുടെ 'യമ്മിഞ്ഞ' യൊഴി
ഞ്ഞൊന്നുമെ കുഞ്ഞുണ്ണീ,
നിന്നുടെ ജീവൻ പോററാനായ് ഭുവി
കണ്ടില്ലല്ലോനീ!
എന്നെയുമമ്മതരുന്നോരാവാ-
ത്സല്യവിരുന്നിൽ, ഹാ!
ഒന്നുവിളിക്കാൻ കനിയുക, കനിയുക,
കുഞ്ഞുസഹോദര! നീ
ഒന്നുനിനച്ചാലുള്ള തുടിക്കും
കുഞ്ഞുസഹോദരിയെ
ഒന്നരികത്തുവിളിക്കാനുണ്ണീ,
ഓർക്കുകയില്ലേ നീ.......

5

ഓർക്കുക! നീഭുവിയെന്തിനിറങ്ങി?
തീയിടുവാനല്ലി?
നോക്കുക, യെന്നുടെ യുള്ളിലുമതിലൊരു
പൊരിയുണ്ടെരിയുന്നു!
ഉന്നതമതിൻ നിന്നെന്നിലിറങ്ങിയ
വഹ്നി, വളരുകനീ!
ചെന്നുപിടിച്ചു വളർന്നുപരക്കുക
മന്നിടമെങ്ങെങ്ങും.
ഒരുപൊരിയൊരുകരളകമേ വീണാൽ-
ജീവിതമഗ്രാഹ്യം!
പെരുകുകയായതു പിന്നീടഖിലവു
മെരിതീയാക്കാനായ്.

ഊഹ്ത്തിലേയ്ക്കുങ്ങിട്ടുന്നൊരഗ്നി
സ്ഫുലിംഗജാലങ്ങൾ
വഹിച്ചുകൊണ്ടീജഗത്തിലെങ്ങും
ഗമിച്ചുകൊള്ളാം ഞാൻ.

6

ഓർക്കുകവ്യഥപൂണ്ടൊലിവേത്തിൽ നീ
പ്രാർത്ഥിച്ചതു, മപ്പോൾ
ശോണിതസ്വേദകണങ്ങൾ നേത്രജ-
നീരൊത്തൊഴുകിയതും
അൻപിൻ മുത്തുകളവയല്ലല്ലീ,
യവയിൽ നിന്നല്ലീ
കന്യാത്വം മുകുളീകൃതമായീ
മന്നിൽ വിടരുവതും?
വാനോനൊരുവൻ വന്നാനിമ്മല
നിഷ്ക്കടനികരങ്ങൾ
കാണിച്ചും കൊണ്ടന്നാശ്വാസം
നിന്മനസ്സിന്നേകി;
എന്നേയുമന്നാ നിർമ്മല ലില്ലികൾ
തന്നുടെ മദ്ധ്യേനീ
നന്നേകണ്ടുകുളുത്തില്ലേനിൻ
കണ്ണുക, ളോർക്കുന്നോ?

7

ശോണിതവും തവകണ്ണീർക്കണവും
കോരകമോരോന്നിൽ
കോരിനിറച്ചു സ്ഫുടിപ്പിച്ചവനിയി
ലേറെസുമങ്ങൾ നീ;
സ്നേഹം നിറയും ഹൃദയങ്ങൾതാ-
നാസുമനികരങ്ങൾ,
ലോകം നിറയെച്ചൊരിയൂ, നിന്നുടെ

സൗരഭമവരെന്നും
ഞാനൊരുകന്യക,—എന്നാലത്ഭുതം!
അങ്ങെപ്രണയത്താൽ
ഈട്ടച്ചിനിന്നുടെ നിരവധിസുതരുടെ–
യമ്മയുമാകുന്നു.
പാപികളെപ്പരലോകത്തിൽവഴി
കാണിച്ചീടുംനിൻ
പ്രേയസിമാരാമീസുമരാജിയെ,
നായക! നീയോക്ക്!

8

ഓക്കുക! "ദാഹിക്കു"ന്നെന്നോതിയ
രോദനമതി കരുണം,
കേഠംക്കുന്നിപ്പൊഴുമതു ഞാൻ നിന്തിരു–
ഹൃദയത്തിൽനിന്നും.
പതിയുന്നതുമമ ഹൃദയത്തിൽവ–
ന്നനുദിനമതിദൃഢമായ്
അതിനുടെ തീക്ഷ്ണതശകലം ഞാനും
ഹൃദിയറിയുന്നിപ്പോഠം.
അനുനിമിഷം നിൻദാഹം വർദ്ധി
ച്ചെരിയുന്നെൻ ഹൃദയം,
അവിടുത്തേയ്ക്കാത്മക്കളെ നൽകാ
നാശയുമതുവിധമെ.
രാവുംപകലും സ്നേഹം കൊണ്ടെൻ
ദാഹം വളരുന്നു,
ദാഹം വളരുന്നതിനാലെന്നുടെ
ദേഹിദഹിക്കുന്നു

9

ഓർക്കുക! ജീവന്നുറവേ! കുരിശിൽ
ജീവൻ വിട്ടതുനീ!
പ്രാണൻ പിരിയുന്നതുവരെയെന്നെ
സ്നേഹിച്ചല്ലോ നീ!
ഭോഷത്തംവരെ സ്നേഹിച്ചും, നിൻ
സ്നേഹത്തിൽ ബലിയായ്
ജീവിച്ചും മൃതിപ്രാപിച്ചും ഞാൻ
സായൂജ്യം നേടും.
സകലരുമങ്ങെസ്നേഹിക്കാനാ
യെന്നുടെ കഴിവുകളെ
സകലവുമുപയോഗി,ച്ചൊരുരക്ത
സ്സാക്ഷിണിയാകും ഞാൻ!
മോഹമിതെന്നിൽ വളരുന്നനിശം,
നീയറിയുന്നല്ലോ,
സ്നേഹത്താൽതാൻ വേണമെനിക്കും
മരണം ജീവേശാ!

10

ഓർക്കുക! ജനകന്നരികിൽ ചേരാൻ
സ്വർഗ്ഗത്തേറുകിലും
ആശ്രയരഹിതം ഞങ്ങളെയീഭുവി
നീവിടുകില്ലല്ലോ
മറച്ചുകൊണ്ടൊട്ടായിരമയുതം
കനകമയൂഖങ്ങൾ
വസിച്ചിടുന്നു ബന്ധിതനായ് നീ
യപ്പത്തിന്നുള്ളിൽ!
ഒളിവിൽനിന്നും നിന്നൊളിവെളിയിൽ
കളിയാടിടുന്നു,
അതിഭൗമികമാമായുസ്സുണ്ടീ

ജീവാപൂപത്തിൽ.
ഇതിലാണെന്നുടെ പോഷണ, മെന്നുടെ
സ്നേഹവുമിതുതന്നെ,
ഇതുതാനനുദിനമശനമെന്നി,ക്കെ
ന്നകമേ വരുവിരവിൽ!

11

ശത്രുക്കഠംനിൻ നേക്കെയ്യുന്നു
ദൂഷണശരനികരം,
നീയെന്നാലും മന്നിൽത്തന്നെ
വാസമുറപ്പിച്ചു.
എന്നുടെയുള്ളിൽവന്നു വസിപ്പൂ
നന്നുന്നിതിനാൽ നീ,
എന്നിലെഴും നിൻസ്നേഹത്തിന്നിതു
നിശ്ചിതദ്യോതകവും.
ഞാനല്ലിനിയും ജീവിക്കുന്നതു,
നീതാൻതിരുവോസ്തീ!
ആശ്വാസത്തിന്നുറവേ! നിന്നിൽ
ഞാനും ജീവിക്കും.
സ്വർണ്ണ 'ക്കുസ്തോദി' യിലാണെന്നുടെ
സമ്പത്തഖിലവുമെ,
ഞാനതുമാറൊടണയ്ക്കും തഴുകും,
വിടുകില്ലൊരുനാളും.

12

സജീവമാമൊരുമണ്ഡപമാണെ
ന്നുള്ളനിനക്കീശോ!
അശുദ്ധമാക്കാനണയുകയില്ലൊരു
പാപിയുമതിനുള്ളിൽ.
നന്ദവനം താനതു, വരി, കതിനുടെ
നടുവിൽ വിഹരിക്കാൻ

ത്തേടുന്നതിലേലസകല സുമങ്ങളു
മങ്ങെമുഖകമലം.
‘താഴ്വരതന്നിലെ ലില്ലിപ്പൂ’ നീ
മറയരുതൊരുനാളും,
വാടിപ്പോം നീവേർപെട്ടാലീ
വാടീസുമനികരം.
വളരുക, വളരുക. സുരഭില സുമമേ!
വടിവൊട്ട വിടരുകനീ,
വിലസുക, വിലസുക, – പരിമളമെന്നിൽ
ചൊരിയുക, ചൊരിയുക നീ!

13

ഓർക്കുക! ഞാനുണ്ടരികത്തങ്ങേ
ക്കാശ്വാസം നൽകാൻ,
പാപികളങ്ങെമറക്കുന്നതില
ങ്ങാകുലനാകരുതേ!
ഒരുകാര്യം ഞാനർത്ഥിക്കുന്നതു
പ്രിയ! നീ കേൾക്കണമെ,
കരളുകളായിരമങ്ങേ സ്നേഹി
പ്പതിനായരുളുകമേ.
അവയെല്ലാം കൈവരികിലുമിശോ!
മതിയില്ലവതുച്ഛം,
തരികങ്ങേത്തിരു ഹൃദയവുമെൻ ചെറു
ഹൃദയം തന്നുള്ളിൽ!
അതുകൊണ്ടങ്ങേ സ്നേഹിച്ചീടാം
മതിയാംവണ്ണം ഞാൻ,
അകമെരിയിക്കുന്നീയതി മോഹം,
അതുമങ്ങോർക്കണമെ.

14

ഓർക്കുക! നിന്മനസ്സെന്മനസ്സത്രേ
യതിലെൻ വിശ്രമവും,
നിന്തിരുമടിയിൽ കരയുഗമത്തി
നുള്ളിലുറങ്ങുന്നേൻ.

അചഞ്ചലം ഞാനവിടെ വസിക്കും
നിർഭയമനുവേലം,
തരംഗതരളിത ജീവിതജലനിധി
കടന്നുപോകയിലും.
ഉറങ്ങിയെന്നാൽ തരത്തിലങ്ങു
നുണൎന്നിരിക്കും ഞാൻ,
ഉയൎന്നുകല്ലോലങ്ങൾ വരികിലു
മുണൎത്തുകില്ലങ്ങേ;
സുഷുപ്തിതന്നിലു മങ്ങുന്നെന്നെ
സ്മരിച്ചുകൊള്ളണം,
ഒരുക്കണേഞാൻ നിത്യദിനത്തെ
ക്കുണൎന്നുകൊള്ളാനും.

15

ഓൎക്കുക! ദിനവും നെടുവീൎപ്പോട്ടുഞാൻ
നോക്കിയിരിക്കുന്നു,
പ്രാഭവമേറിടുമവസാനത്തെ
ആ നിൻവരവിന്നായ്
കാഹളമൂതി മുഴക്കിക്കൊണ്ടൊരു
വാനവനറിയിക്കും:—
“കാലംതീൎന്നു; വിധിസിംഹാസന-
സന്നിധിവന്നിടുവിൻ.”
ഉടനടിയതുകേട്ടുണരും ഞാനൊരു
നൊടിയുടെ യിടയെന്യേ,
ഇടിയുടെ മിന്നൽ വേഗതയോടി
വിശ്രമം വിട്ടീടും;
തവതിരുവദനമണഞ്ഞതിനുള്ളിൽ
മറയു, മൊളിച്ചീടും,
നിയതനിവാസസ്സനേടും നിന്നിൽ
നിർവൃതിയും നിത്യം........



(വിവ. ഫാ: ഹെർമൻ O. C. D.) (21 ഒക്ടോബർ 1895)

# ഹംസഗാനം.

(വി. കൊച്ചുത്രേസ്യാ മാതാവിനെക്കുറിച്ച് രോഗശയ്യയിൽ കിടന്നുകൊണ്ടു് പറഞ്ഞുകൊടുത്തെഴുതിച്ച സുദീർഘമായ അവസാനത്തെ കവിതയിൽനിന്നു് ഒരു ഭാഗം)

(ഓമനക്കുട്ടൻ)

വന്നൊരുവാനദൂതൻ സവ്വു–
മെന്നെന്നും ഭരിച്ചീടുന്ന
ഉന്നതൻ തൻെറയമ്മയാകണ–
മെന്നുനിന്നോടു ചൊല്ലവെ.
നിസ്തുലനിധി കന്യകാവ്രതം
നിത്യവും സംരക്ഷിക്കുവാൻ
നിശ്ചയിച്ചുനീ നില്ലുന്നെത്രയും
നിശ്ചലയായുറച്ചഹോ!
സ്നേഹിപ്പേൻനിന്നെ, യോത്തുനിൻ "കൊച്ചു–
ദാസിഞാ" നെന്നഗീതകം.
ദൈവത്തെനീ വശീകരിച്ചനിൻ–
താഴ്മയെത്ര മഹത്തരം!
സവ്വശക്തയായ്ത്തീന്നു നീയതിൻ
സവ്വമോഹന ശക്തിയാൽ.
സവ്വശക്തനെത്തന്നെയും നിൻെറ–
യുള്ളിലുൾക്കൊണ്ടുവല്ലൊ നീ!
സ്നേഹമൂത്തിതൻ ഛായയാൽ നിന്നെ
മൂടിനിന്നിൽ വസിക്കവെ
താതതുല്യനാം ജാതനമ്മേ! നിൻ
സൂനുവായവതീണ്ണനായ്;
ഈശനന്ദന, നംബികേ! നിൻെറ–
യാദിജാത നായീടവെ.
പാപികൾക്കു ലഭിച്ചഹോനിജ–
സോദരനെന്ന സ്ഥാനവും!

വിവ: ഫാ: ഹെർമൻ O.C.D.

# DARK NIGHT OF THE SOUL

## By St. John of the Cross.

(മാരകാകളി)

I

തിങ്ങുംപ്രശാന്തിയി ലെൻഗേഹമാകവെ
മുങ്ങിവിളങ്ങിയനേരം,
ആകുലപൂർണ്ണമാം പാവനസ്നേഹാഗ്നി-
യാളിജ്ജ്വലിച്ചൊരുനേരം,
പാരിലൊരുത്തരും കാണാതെപോയിഞാൻ
ഘോരതമോവൃത രാവിൽ,
സ്നേഹവിലോലയാ യെന്നാത്മനാഥനെ-
ത്തേടിനടപ്പതെൻഭാഗ്യം!

II

തിങ്ങിടും ശാന്തിയി ലെന്റെ നികേതനം
മുങ്ങിവിളങ്ങിയ നേരം
അക്കൂരിരുൾചുരുൾ ക്കുള്ളിൽ നിഗൂഢമാം
കോവണി നിർഭയം കേറി,
രാവിലൊളിവിൽ ഞാൻ പ്രച്ഛന്നവേഷയാ-
യാരുമറിയാതെ പോയി;
സ്നേഹവിലോലയാ യെന്നാത്മനാഥനെ-
ത്തേടിനടപ്പതെൻ ഭാഗ്യം!

III

ആനന്ദമുഗ്ദ്ധമാ മാദിവ്യരാത്രിയിൽ
ഞാനാത്മനാഥനെ ത്തേടും
സൗഭാഗ്യയാത്രയിൽ കണ്ടില്ല ഞാനൊന്നു-
മെന്നെയും കണ്ടില്ലൊരാളും;

അന്തരാത്മാവിലെ രിഞ്ഞുതിളങ്ങിയ
ദിവ്യപ്രഭാ പൂരമെന്യെ
വന്നില്ല മററൊന്നു മെൻമാർഗ്ഗദീപമായ്
മുന്നിലൊളിയല വീശാൻ.

IV

(ഗ്രണമേറം........)

പരിചിതനാകുമെൻ പ്രേമനാഥൻ
പരിചൊടു കാന്തയെ കാത്തിരിക്കും
നരരാരും വന്നെത്തിനോക്കിടാത്ത
പുരുശാന്തി തിങ്ങുന്നിടത്തിലേക്കായ്
അകതാരിലെന്നും തെളിഞ്ഞുനിന്ന-
ണയാത്ത പാവന പ്രേമദീപം
എരിയുന്ന മദ്ധ്യാഹ്നസൂര്യനെക്കാൾ
ശരിയായി മാർഗ്ഗം തെളിച്ചിരുന്നു.

V

(കുറത്തി ഇരട്ടിപ്പ്.)

പരമസുഭഗൻ പ്രണയനാഥൻത-
ന്നരികിലണച്ച രാത്രി!!
അഴകുവഴിയും പുലരിപ്പകിട്ടും
പദതാർ പണിയും രാത്രി!!
വധുവെത്തന്നുടെ ഹൃദയനാഥനോ-
ടൊളിവിൽ ചേർത്തൊരുരാത്രി!!
പ്രണയ പൂരത്താലിവരാക്ക സാരൂപ്യം
പ്രിയനോടേകിയരാത്രി!!!

## VI

അരുമനാഥനായൊഴിഞ്ഞു കാത്തതാം
മലർവിരിച്ചൊരെൻ മാറിൽ—
അവിടെ—യെന്നുടെ പ്രണയമാസ്വദി—
ച്ചവനാ രാവിലുറങ്ങി;
പുരുമോദാലിവളാം പ്രണയമഖിലം
വരനിൽച്ചൊരിയും നേരം
തളിരു തിങ്ങിടും കരമിളക്കിവൻ—
തരുക്കളെവനെ വീശി.

## VII

സദനശിഖരം കടന്നുവന്നിടും
കുളിരു തെന്നലിൽ ഞാനെൻ
അരുമനാഥൻെറ ശിരസ്സിലെ മുടി—
ച്ചുരുള്ള ചീകി വിടർത്തി;
കുസുമ മൃദുല കരയുഗം മമ
ഗളതലമവൻ ചേർത്തു—
സുഭഗനിമിഷ മഖിലനിനവെ—
ന്നകമെ നിന്നുടൻ മാഞ്ഞു.

## VIII

### ( കുറത്തി )

പ്രാണനായ് ഭജിച്ചിടുമെൻ പ്രേമനാഥൻ തൻെറ
പേലവമാം മാറിടത്തി ലെൻ ശിരസ്സു ചാരി,
ലില്ലിസുമസഞ്ചയത്തി ലുല്ലസിച്ചിടുമ്പോ—
ളുല്ലലേകമാകുലങ്ങളാം ഞാൻ മറന്നുതള്ളി;
സർവ്വവും ഞാനെന്നെയും സമഗ്രമായ് വെടിഞ്ഞീ—
യുർവ്വിയാകെ വിസ്മരിച്ചെൻ ജീവിതം തുടന്നു.



വിവ. ഫാ. കല്ലിസ്റ്റസ് സി. എം. ഐ.

# ★ താമരപ്പൂവ് ★

താമരപ്പുഷ്പമേ, നിന്നെ
ക്കാണുവാൻ വന്നതാണു ഞാൻ;
വിടരും നിന്റെ മട്ടെല്ലാം
കോമളം തന്നെയാമലേ.
ഈവിധം നൃത്തമാടാനായ്
പഠിപ്പിച്ചാരു ചൊല്ലു നീ,
ഇളംകാറ്റെന്ന വിദ്വാനോ?
സരസൻതന്നെയാണവൻ.
ഓമനപ്പേരു നിന്നെപ്പോ-
ലാർക്കുമേയില്ല ഭൂമിയിൽ:—
അംബുജം, കമലം പിന്നെ
പ്പങ്കജം പത്മമിങ്ങനെ.
'പങ്കജ'ത്തിന്റെയർത്ഥം ഞാൻ
പറഞ്ഞാൽ നീ പിണങ്ങുമോ?
ഇഷ്ടമില്ലെന്നു വന്നാലും
സത്യമാണെന്നുമുത്തമം.
'പങ്ക'മോ ചെളിയത്രേ, 'ജം'
ജാതമായുള്ളതെന്നുമാം;
തങ്കമേ നിന്റെയിപ്പൂമെ-
യ്യാകവേ ചേറുതന്നെയാം.
പൂഴിയിൽനിന്നു നീയുണ്ടായ്;
വീണ്ടും നീ പൂഴിയായ് വരും?
ഈവിധം ചിന്തചെയ്യുമ്പോൾ
ഗർവ്വുമുണ്ടാവതെങ്ങനെ?
കുറച്ചേയുള്ള ലോകത്തിൽ
നിനക്കും സമയം സഖേ;
ഒരിക്കൽ നിന്റെ നാളെല്ലാ-
മൊടുങ്ങും ദിവസം വരും

തളിരും തോററ കുപ്പംനിൻ
ദളങ്ങൾക്കുള്ള മേനിയും
വിഭ്രമം കണ്ണുകൾക്കേകും
കാന്തിയും നഷ്ടമായ് വരും.
ഹൃദയം കത്തിവാരും നിൻ
പകിട്ടും കൊഞ്ചലാട്ടവും
നിലയ്ക്കും, കൂമ്പിനില്ക്കും നീ
ഭാവിയെപ്പാർത്തു ഭീതിയാൽ.
ഒരുകാലത്തു സന്തോഷം
നിന്നിലത്യന്തമാർന്നവൻ
സൂര്യനും തീവ്രമായ് നിന്നിൽ
താപമേകീടുമാദിനം.
അന്നു നീ വാടിയാലസ്യം
ചേർന്നു സംഭ്രാന്തിയാർന്നിടും;
ദളങ്ങൾ പിന്നെയോരോന്നായ്
പൊട്ടി വെള്ളത്തിൽ വീണുപോം.
"ഇന്നു ഞാൻ, നാളെ നീ"യെന്നാ-
യന്ത്യഗീതങ്ങൾ പാടി നീ
പോയ്കയിൽത്താഴ്ന്നു പാത്തട്ടിൽ
ശ്മശാനം കൈവരിച്ചിടും.
മററു പുഷ്പങ്ങൾ നീ താഴും
പൊയ്കയിൽ പ്പൊങ്ങിനില്ക്കവേ
നിൻെറ കാര്യങ്ങളീലോകം
മറക്കും തീർച്ചയായുമേ.
എങ്കിലും തെല്ലുമിപ്പോൾ നീ
വാടുവാൻ കാര്യമില്ലെടോ;
സഫലം നിൻെറ ജന്മത്തെ
വാഴ്ത്തുമീ ലോകരൊക്കെയും.

നല്ല "പൂപ്പുഞ്ചിരി" ത്തെല്ലാ-
ലെത്രയോ സജ്ജനങ്ങളിൽ
ഹൃദ്യമായുള്ളൊരാനന്ദം
ചിന്തുവാൻ ഭാഗ്യമാൻറു നീ.
പുഷ്പമേ നിൻെറ വൃത്താന്തം
നിനച്ചാലെത്രയത്ഭുതം
ജീവിതം ഹ്രസ്വമെന്നാലും
ശോഭനം തന്നെയെപ്പൊഴും.
പലക്കും നല്ലപാഠങ്ങൾ
ഗ്രഹിപ്പാൻ തക്ക രീതിയിൽ
ഈശ്വരൻ തന്നെ യീദിക്കിൽ
വിടത്തും ഗ്രന്ഥമാണു നീ.
രൂപലാവണ്യമീവണ്ണം
തന്ന സർവ്വേശനെസ്സദാ
താണു കൂപ്പീടണം പൂവേ,
വന്ദനം, പോയ്‌വരട്ടെ ഞാൻ.

"ഓമനപ്പൂക്കൾ" ഫാദർ ഫ്ളോറിൻ സി.എം.ഐ.

## ★ വണ്ട്

(പ്രാവേ, പ്രാവേ, പോകരുതേ)

അരുതേ വണ്ടേ പോകരുതേ,
എരിയും തീയുടെയരികേ നീ;
അകലം തെല്ലുപിഴച്ചെന്നാ—
ലപകടമുടനേയുണ്ടാകും;
ഞൊടിയിടമാത്രം പോരേ നി—
ന്നുടലുകരിഞ്ഞു പൊടിഞ്ഞീടാൻ?
പൊൻ ചിറകെഴുമെൻ ചെറുവണ്ടേ,
വൻ ചതിയിൽ പോയ് വീഴരുതേ.
തുള്ളിച്ചാടി നടക്കാൻ നീ—
യുള്ളിൽ കരുതുന്നുണ്ടെങ്കിൽ
ഇളവെയിൽ വന്നാമുററത്തിൽ
തെളുതെളെ മിന്നി വിളങ്ങുമ്പോൾ,
കുളിർകാററിതിലേ വീശുമ്പോൾ,
തളിരിലയെല്ലാമാടുമ്പോൾ,
പൂക്കളുമെല്ലാം വിരിയുമ്പോൾ
പൂന്തേൻ നിന്നു തുളുമ്പുമ്പോൾ
വളരും കൗതുകമോടെ നീ
കളിയാടാനായ് പൊയ്ക്കൊൾക;
അല്ലാതിങ്ങനെ ചാടരുതേ
വല്ലാതുള്ളൊരു നാശത്തിൽ;
പൊൻചിറകെഴുമെൻ ചെറുവണ്ടേ,
വൻചതിയിൽപോയ് വീഴരുതേ.

II

പോകും പോകും ഞാനതിലേ,
പോയാലപകടമെന്തിപ്പോൾ?
ചെറിയൊരു ചൂടുണ്ടരികേ ഞാൻ
ചുറുചുറെയൊന്നു പറക്കട്ടെ;
ചുണയില്ലാത്തവരീമട്ടിൽ
ഗുണദോഷങ്ങൾ വിളമ്പട്ടെ;

പേടിയെനിക്കില്ലേള്ളാളം
പോകും പോകും ഞാനതിലേ,
കാളും തീയുടെ മേലേ പോയ്
കായാനെന്തൊരു രസമിപ്പോൾ!
ചുററിപ്പാഞ്ഞുരസിക്കും ഞാൻ
പാറുകയില്ലൊരു തെററെന്നിൽ.

III

മറിമായത്തിൻ നിലയെന്തെ–
ന്നറിയാതിങ്ങനെ ചങ്ങാതി
ചീറിപ്പൊങ്ങും ജ്വാലകൾതൻ
നേരേനോക്കിയടുക്കുന്നു;
മിന്നൽകണ്ടകണക്കെ പായുമ്പോൾ
കണ്ണുകൾ മഞ്ചിപ്പോകുന്നു.
പിടിവിട്ടുള്ള കറക്കത്തിൽ–
പ്പെട്ടുവാനിടയായ് തീരുന്നു.
എരിയും തീയുടെയരികേപോയ്
ചിറകുകൾ കത്തിക്കരിയുന്നു;
തലയും കാലും തകരുന്നു,
തറയിൽ താനേ മലരുന്നു;
വലുതാം വേദന സഹിയാതെ
നിലയററയ്യോ പിടയുന്നു.
കിരുകിരെയല്പം കരയുന്നു,
കഥയും പാടേ കഴിയുന്നു.

IV

പണ്ടേ ഞാനിതു ചൊന്നില്ലേ,
വണ്ടേ നീയതു കേട്ടില്ലേ?
പാവം വണ്ടിനു മൂളാനും
പാടില്ലാതായ് പോയല്ലോ!!!

"ഓമനപ്പൂക്കൾ" ഫാദർ ഫ്ളോറിൻ സി എം. ഐ.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 31 JAN 1996 | | |

DC Library
*00034642*
T61 M29

T61
M29

# ഉഷാനദരളം

Indic Digital Archive Foundation
gpura.org